
നറുതേൻ
ലിറ്റിൽ കൈറ്റ്സ്- 2018-19
ഗവഃ ഹയർസെക്കണ്ടറി സ്കൂൾ കുണ്ടംകുഴി

***ആകാശത്തിനപ്പുറത്തേക്ക്***

***പറന്നെത്തുന്ന കുഞ്ഞുമനസ്സു***

***കളുടെ ഭാവനകൾ . . .***

***അവിടെ കഥകളുണ്ട് കവിതകളുണ്ട്***

***അനുഭവങ്ങളുണ്ട് വരകളുണ്ട് . . .***

***നറുതേനായി  ഇറ്റിറ്റു വീഴുമ്പോൾ***

***അവയ്ക്ക് മാധുര്യം കൂടുകേയുള്ളൂ.***

# പത്രാധിപ സമിതി

| | |
|---|---|
| മുഖ്യ പത്രാധിപർ | ലിറ്റിൽ കൈറ്റ്സ് കോർഡിനേറ്റർ |
| പത്രാധിപ സമിതി അംഗങ്ങൾ | ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, വിദ്യാരംഗം സമിതി അംഗങ്ങൾ |

## അകത്താളുകളിലൂടെ.........

ശ്രേഷ്ഠം മലയാളം........5
തളരാത്ത കൈകൾ........6
കുട്ടന്റെ പെൻസിൽ........8
സ്നേഹനിധി........11
അരുതേ കൊല്ലരുതേ........12
നാടോടിശീലുകൾ........14
കൂട്ട്........16
സ്നേഹം........17
പ്രകൃതിഗായകൻ........18
LIFE........20
ജീവചരിത്രകുറിപ്പ്........21
മരണത്തെ ക്ഷണിക്കുന്നവർ........22
കണിക്കൊന്നയുടെ ത്യാഗം........24
മാതൃവാത്സല്യം........26
ಚೆಲುವು ತುಂಬಲಿ........27
RAIN DROPS........28
ജാതീയമായ അസമത്വങ്ങളും വിവേചനങ്ങളും........29
മകനെക്കുറിച്ചുള്ള ഓർമ്മയിൽ........31
IF I WERE INVISIBLE........33
ಜೀವಜಲ........35
കത്ത്........36
ഓർമയിലെ ബാല്യകാലം........38
വർണ്ണക്കൂടാരം........39
അനാഥമാക്കപ്പെടുന്ന ജന്മങ്ങൾ........42
ട്രാക്കിലെ തീപ്പൊരി........45
SUCCESS........46
എന്റെ ഗ്രാമം........47
മുട്ട........49

# ശ്രേഷ്ഠം മലയാളം

നവിത. സി
8 ാം തരം

മാന്യരെ,

നാം നവംബർ 1 ന് കേരളപിറവി ദിനമായി ആചരിക്കുകയാണ്. ഈ ദിനത്തിൽ മലയാള ഭാഷയുടെ മഹാത്മ്യത്തെപ്പറ്റി ഞാൻ കുറച്ച് പറയാനാഗ്രഹിക്കുകയാണ്. നമ്മുടെ അമ്മയാണ് മലയാളം. ഇന്ന് നമ്മുടെ മാതൃഭാഷയെ നിന്ദിക്കുകയാണ് ചെയ്യുന്നത്. പണ്ടുള്ളവർ മാതൃഭാഷയെ വളരെയധികം സ്നേഹിക്കുകയും അവയെ ആദരിക്കുകയും ചെയ്യുന്നു. ഒരു സംസ്കാരത്തിന്റെ പ്രധാനഘടകമാണ് മാതൃഭാഷ. അതുകൊണ്ടുതന്നെ ആ ഭാഷയെ അവഗണിക്കാൻ പാടില്ല. ഇന്നത്തെ ജനങ്ങൾ മറ്റ ഭാഷകൾ പഠിക്കുകയാണ്. കേരളത്തിൽ ജീവിക്കാൻ പണ്ടൊക്കെ മലയാളഭാഷ അത്യാവശ്യമായിരുന്നു. മറ്റ ഭാഷകൾ കേരളത്തിലേക്കു കടന്നുവന്നതോടുകൂടി മലയാളം സംസാരിക്കുന്നത് കുറവായിരിക്കുന്നു. ഇപ്പോൾ കുട്ടികളെ എല്ലാ അമ്മമാരും ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കാണ് അയക്കുന്നത്. കവികളും മറ്റ കഥാകൃത്തുകളും മലയാള ഭാഷയെപ്പറ്റി പുകഴ്ത്തുമ്പോൾ കഥയും കവിതയും പ്രശസ്തമാകുന്നു. ആ നല്ല പുസ്തകങ്ങൾ വായിക്കാതെ മറ്റ ഭാഷയിലെ പുസ്തകങ്ങൾ വായിക്കുന്നു.

പണ്ടുള്ള ജനങ്ങൾ മാതൃഭാഷയെ ദൈവത്തെ പോലെയാണ് കണ്ടിരുന്നത്. നമ്മുടെ കുഞ്ചൻനമ്പ്യാരും ചെറുശ്ശേരിയും എഴുത്തച്ഛനും ആരംഭിച്ച മലയാളത്തെ നമ്മൾ വെറുതെ നശിപ്പിക്കരുത്, അതിനെ സംരക്ഷിക്കണം. *'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യനു പെറ്റമ്മ സ്വഭാഷതാൻ'* എന്ന് "എന്റെ ഭാഷ" എന്ന പദ്യത്തിൽ വള്ളത്തോൾ പറയുന്നു.

******************************

# തളരാത്ത കൈകൾ

ഗായത്രി കെ
9 ാം തരം

ആസ്വാദനം :

ഒരുപാട് തൊഴിലാളികളുടെ വിയർപ്പ് ഒഴുകിയ നാടാണ് നമ്മുടെ കേരളം. അധ്വാനത്തിന്റെ മഹത്വത്തെ ഒരുപാട് കവികളും കവയത്രികളും വർണ്ണിച്ചിട്ടുണ്ട്. ശ്രീ. തിരുനല്ലൂർ കരുണാകരൻ എന്ന എക്കാലത്തെയും മികച്ച കവിയുടെ ഭാവനയിൽ പിറന്ന അതുപോലത്തെ ഒരു മനോഹരമായ കവിതയാണ് തരിശു നിലങ്ങളിലേക്ക്. അധ്വാനിക്കാനുള്ള മനക്കരുത്തുമായി തരിശു ഭൂമിയിൽ എത്തുന്ന തൊഴിലാളികളുടെ മഹത്വത്തെ വാനോളം പുകഴ്ത്തിയാണ് ഈ കവിത. എരിയുന്ന വേനലിനു തടയിടാൻ എത്തുന്ന കാർമേഘങ്ങളെ പോലെയാണ് തരിശുനിലങ്ങളിലേക്ക് എത്തുന്ന തൊഴിലാളികൾ എന്ന ആശയം വളരെ മനോഹരമായ പ്രയോഗങ്ങളാൽ ആവിഷ്കരിച്ച കവിയുടെ ഭാവന അസാധ്യമാണ്. ഈ പ്രയോഗങ്ങൾ കവിതയുടെ മനോഹാരിതയ്ക്ക് മാറ്റു കൂട്ടുന്നു. "മുഴുവൻ ഭൂമിയുമൊറ്റച്ചാലായുഴുതുമറിക്കും വീര്യമോടെ അണിയാണിയായി വേലക്കാരവരടിവച്ചടിവച്ചണയുമ്പോൾ" ഇങ്ങനെയുള്ള വരികൾ വായനക്കാരുടെ മനസിലേക്ക് വ്യക്തമായി ചിത്രീകരിക്കാൻ കവിക്ക് സാധിച്ചു. അവിടെയാണ് ഒരു കവിയുടെ വിജയം. അധ്വാനിക്കുന്നവരുടെ കഷ്ടപ്പാടിനെ, ദാരിദ്ര്യത്തെ, വേദനയെ വ്യക്തമായി വരച്ചു കാട്ടുകയാണ് ഈ കവിത. അധ്വാനിക്കുന്നവരുടെ കൈക്കരുത്ത് എത്ര മാത്രമാണെന്ന് നമ്മെ ബോധ്യപ്പെടുത്താൻ കവി ഉപയോഗിച്ച വരിയാണ്

കൊടിയകരിങ്കൽ കുന്നുകൾ ഞങ്ങടെ
അടിയേറ്റാകെത്തകരുമ്പോൾ
ഉഴുതുമറിക്കാനെന്തേ പാടീ
പുതുമണ്ണിൽ കുതുകാർദ്രങ്ങൾ

ഈ വരികളിലൂടെ അദ്ദേഹത്തിനു അതു സാധിക്കുകയും ചെയ്തു. മണ്ണിനോടുള്ള മനുഷ്യന്റെ സ്നേഹം ഇവിടെ വ്യക്തമാവുകയാണ്.

ഇന്ന് അതല്ല വയലുകൾ മായുമ്പോൾ അധ്വാനവും മായുന്നു. മണ്ണിൽ കാലുകുത്താൻ ഇന്നത്തെ തലമുറയ്ക്ക് വെറുപ്പാണ് അറപ്പാണ്. അച്ഛനാരാണെന്ന് ചോദിച്ചാൽ കൃഷിക്കാരനാണെന്ന് പറയാൻ പുച്ഛമാണവർക്ക്. അവരറിയുന്നില്ലല്ലോ കൃഷിയുടെ മഹത്വം. കൃഷിയിൽ നിന്ന് കിട്ടുന്നത് തിന്നാൻ അവർക്ക് മടിയില്ല. പക്ഷേ കൃഷിക്കാരനാവാനാണ് മടി. എല്ലാവർക്കും ഡോക്ടറും എഞ്ചിനീയറും ആയാൽ മതി. അതാവുമ്പോൾ മേലനങ്ങി അധ്വാനിക്കേണ്ടല്ലോ. നാളത്തെ തലമുറ 'നെല്ല് പിടിക്കുന്ന മരമേതാണെന്ന്' ചോദിക്കാതിരിക്കാൻ നമുക്ക് ഒത്തുകൂടിക്കൂടെ

കൂട്ടരേ.................

*************************

# കുട്ടന്റെ പെൻസിൽ

രനിഷ
7–ാം തരം

കഥ :

"കുട്ടാ നീ അവിടെ എന്താ ചെയ്തുകൊണ്ടിരിക്കുന്നത് ? ഞാൻ.......ഞാൻ ചിത്രം വരയ്ക്കുകയാണ്....... "കുട്ടൻ തപ്പി തപ്പി പറഞ്ഞു."ഓ! എപ്പോഴും ഒരു ചിത്രം. എടാ..... നിനക്കൊന്ന് വന്ന് ഈ മുളംകമ്പ് വെട്ടി വടിയാക്കാൻ എന്നെ സഹായിച്ചുകൂടെ?" അമ്മ കല്യാണി ദേഷ്യത്തോടെ പറഞ്ഞു."എനിക്ക് ചിത്രം വരയ്ക്കാനാണമ്മെ കൂടുതൽ ഇഷ്ടം. എന്നാലും ഞാൻ അമ്മയെ സഹായിക്കാം". കൂട്ടുകാരായ പേപ്പറിനേയും പെൻസിലിനേയും നോക്കി കുട്ടൻ വിഷമത്തോടെ പറഞ്ഞു. "എടാ കുട്ടാ..... നിന്നോട് സ്നേഹമില്ലാഞ്ഞിട്ടോ, നീ ചിത്രം വരയ്ക്കുന്നത് ഇഷ്ടമല്ലാതിരുന്നിട്ടോ അല്ല ഞാൻ ഇങ്ങനെ പറയുന്നത്. ഞാനും നീയും എന്നും അര പട്ടിണിക്കാരാ.....ഈ വടി ഉണ്ടാക്കി വിറ്റിട്ടു വേണം രാത്രിക്കുള്ള ഭക്ഷണം ഉണ്ടാക്കാൻ. എന്തു ചെയ്യാം നീ ജനിച്ചിട്ടും മൂന്നാം മാസം തന്നെ നിന്റെ അച്ഛൻ മരിച്ചു. അന്നു മുതൽ നിന്നെ പോറ്റാൻ ഞാനെത്ര കഷ്ടപ്പെട്ടുവെന്നൊ?""ഞാൻ പട്ടിണി കിടന്ന് ഞാൻ നിന്റെ വയറ് നിറച്ചു". അമ്മയുടെ ശബ്ദം ഇടറുന്നത് കേട്ടപ്പോൾ കുട്ടൻ വിഷയം മാറ്റാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു. "അമ്മേ.... ഞാൻ സ്ക്കൂളിലെ ചിത്ര രചന മത്സരത്തിന് പേര് കൊടുത്തോട്ടെ??" "ഞങ്ങടെ ക്ലാസിലെ മിനുവും,അച്ചുവും,നീതുവും,അപ്പുവുമെല്ലാം മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്". "മോനേ..... വലിയ വീട്ടിൽ നിന്നും ചിത്രം വരയ്ക്കാൻ അറിയുന്ന ഒരുപാടു പേര് ആ മത്സരത്തിൽ പങ്കെടുക്കും. അവരുടെ കയ്യിൽ ചിത്രരചനയ്ക്കാവശ്യമായ എല്ലാ ഉപകരണങ്ങളുമുണ്ട്. എന്നാൽ നിന്റെ കയ്യിൽ ഉണ്ടൊ അതെല്ലാം?? അവിടെ പോയിരുന്ന് നീ നാണം കെട്ട് മടങ്ങേണ്ടി വരും".

അമ്മ തെല്ലൊരു വിഷമത്തോടെ പറഞ്ഞു. "ഇനിയുള്ള രണ്ടു ദിവസം ഞാൻ മുള വെട്ടിയും വീട്ടുജോലികളിൽ അമ്മയെ സഹായിച്ചുമിരിക്കാം. എന്നാൽ അമ്മ എന്നെ ആ മത്സരത്തിൽ പങ്കെടുക്കാൻ സമ്മതിക്ക്വോ?" കുട്ടൻ അവസാനത്തെ അടവും പയറ്റി.

അതിൽ അമ്മ വീണു . അമ്മ പറഞ്ഞു "ഉം... ശരി..."കുട്ടൻ വളരെ അധികം സന്തോഷമായി. അവൻ നല്ല സന്തോഷത്തോടെയും ഉന്മേഷത്തോടെയും മുളംകമ്പുകൾ വെട്ടുകയും അമ്മയെ സഹായിക്കുകയും ചെയ്തു. അന്നു രാത്രി അവന് സന്തോഷം സഹിക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ ഒരു വർഷം അമ്മ കുട്ടനെ മത്സരത്തിന് വിട്ടില്ല. ഇത്തവണ തന്നെ മത്സരത്തിൽ പങ്കെടുക്കാൻ സമ്മതിച്ചതിനാലാണ് കുട്ടനത്രയും സന്തോഷം അനുഭവപ്പെട്ടത്. "മറ്റന്നാളാണ് മത്സരം. എനിക്ക് നല്ല പെൻസിലൊന്നുമില്ല. സാരമില്ല ഞാൻ എന്തായാലും ആ മത്സരത്തിനു പങ്കെടുക്കുക തന്നെ ചെയ്യും". കുട്ടൻ നല്ല ആത്മവിശ്വാസത്തോടെയിരുന്നു. "ചിത്ര രചന മത്സരം വന്നെത്തി. കുട്ടൻ തന്റെ യൂണിഫോം എടുത്തിട്ടു. പഴയ പെൻസിലാണെങ്കിലും സൂക്ഷ്മതയോടെ കുട്ടൻ അതെടുത്ത് തന്റെ അമ്മ നിർമ്മിച്ചുതന്ന ചെറിയ മുള പെട്ടിയിൽ എടുത്ത് വച്ചു. പെൻസിലിനു മുന നന്നെ കുറവായിരുന്നു. അമ്മ അവന് ഭക്ഷണം എടുത്തു വച്ചു. ചന്ദനക്കുറി തൊട്ടുകൊടുത്തു. പോകാൻ നേരം അമ്മ തന്റെ മടക്കിക്കുത്തിയ മുണ്ടിൽനിന്നും നല്ലൊരു പെൻസിൽ എടുത്തുക്കൊടുത്തു. രാത്രി അമ്മ പട്ടിണികിടന്ന കാര്യം അപ്പോഴവന് മനസ്സിലായി. അവന്റെ കണ്ണുകൾ നിറഞ്ഞു. അമ്മ അവനോട് പറഞ്ഞു പോയി നന്നായി ചിത്രം വരച്ചിട്ടുവാ...

കുട്ടൻ അമ്മയെ കെട്ടിപിടിച്ച് ഒരുമ്മ കൊടുത്തു. നല്ല ധൈര്യത്തോടെയും സന്തോഷത്തോടെയും കുട്ടൻ വീട്ടിൽ നിന്നും പുറപ്പെട്ടു.

കുട്ടൻ ചിത്ര രചനാ മത്സരം നടക്കുന്ന ഹാളിനടുത്തെത്തി. കുറെ കുട്ടികളുണ്ട്.

അമ്മ തന്ന പെൻസിലുമായി അവൻ ഹാളിനകത്തെത്തി. വെറുതെ പൊട്ടത്തരം വരയ്ക്കാനുള്ള സ്ഥലമല്ലിത്. കുട്ടികളവനെ പരിഹസിച്ചു. അവനു നല്ല വിഷമമായി. എന്നാലും അവിടെ പിടിച്ചുനിന്നു. 10 മണിയായി. ഹാളിനകത്ത് അധ്യാപകർ വന്നു നിന്നു. എന്നിട്ട് വിഷയം പറഞ്ഞു. ദൈവ സാന്നിധ്യം. വിഷയം കേട്ട് എല്ലാവരും ആദ്യമൊക്കെ പേടിച്ചെങ്കിലും പിന്നെപിന്നെ യേശുക്രിസ്തുവിനെയും, ഖുർആനെയും, ആലിലക്കണ്ണനെയുമെല്ലാം വരയ്ക്കാൻ തുടങ്ങി. കുട്ടൻ ഇതിൽനിന്നെല്ലാം വ്യത്യസ്ഥമായ ഒരു ചിത്രമായിരുന്നു വരച്ചത്. കണ്ണുകാണാത്തൊരു മുത്തശ്ശി വടിയും പിടിച്ച് റോഡുകടക്കാൻ നിൽക്കുന്നു. ഒരു കുട്ടി മുത്തശ്ശിയുടെ കൈ പിടിച്ച് റോഡിന്റെ മറുപുറമെത്തിക്കുന്നു. ഇതായിരുന്നു കുട്ടന്റെ ചിത്രം. ചിത്ര രചനാഹാളിൽനിന്നും പുറത്തിറങ്ങിയ കുട്ടനൊരു സംതൃപ്തിയും കിട്ടിയില്ല. കുറച്ചു കൂടി നന്നായി വരയ്ക്കാമായിരുന്നു. അമ്മ പറഞ്ഞതുപോലെ വരണ്ടായിരുന്നു, എന്നുതുടങ്ങിയ ചിന്തകൾ അവന്റെ മനസ്സിലൂടെ മിന്നിമറഞ്ഞു. കുറച്ചുകൂടി കഴിഞ്ഞ് സമ്മാനം കിട്ടില്ലെന്ന് ഉറപ്പിച്ച് അവൻ പോകാൻ ഇറങ്ങുകയായിരുന്നു. അപ്പോഴാണ് മൈക്കിലൂടെ അനൗൺസിങ്ങ് കേട്ടത്. ചിത്ര രചനാമത്സരത്തിന്റെ റിസൾട്ട് അറിയിക്കുന്നു. തന്റെ കൂട്ടുകാർക്കാണൊ സമ്മാനം എന്നറിയാൻ കുട്ടൻ കാതോർത്തു. ചിത്ര രചനാ മത്സരം ഒന്നാം സ്ഥാനം കുട്ടൻ. അവൻ ആനന്ദക്കണ്ണീർ പൊഴിച്ചു. അവൻ വേഗം തന്നെ സമ്മാനദാന ചടങ്ങിൽ എത്തി. കലക്ടർ ആയിരുന്നു സമ്മാനദാനം നിർവഹിച്ചത്. ഒരു ട്രോഫിയും, മെഡലും 500 രൂപയുമായിരുന്നു സമ്മാനം. അവന് സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ തോന്നി. അവൻ പെട്ടന്ന് വീട്ടിലെത്തി അമ്മയെ കണ്ടു. മുളംകമ്പ് കൊത്തുകയായിരുന്നു അമ്മ. സന്തോഷാധിക്യത്താൽ അവന്റെ തൊണ്ടയിൽ നിന്നും ശബ്ദം പുറത്തേക്കു വന്നില്ല. "അമ്മേ.......... അമ്മേ.... ചിത്ര രചനയിൽ ഒന്നാം സ്ഥാനം എനിക്കാ.." അവൻ എങ്ങനെയോ പറഞ്ഞൊപ്പിച്ചു. ട്രോഫിയും മെഡലും അമ്മയെ കാണിച്ച് 500 രൂപ അമ്മയുടെ കൈയിൽ കൊടുത്തു. അമ്മ കുട്ടനെ കെട്ടിപ്പിടിച്ചു. അമ്മയുടെ കണ്ണിൽ കണ്ണുനീർ നിറയുന്നുണ്ടായിരുന്നു......

പിന്നീട് കുട്ടൻ നാടറിയുന്ന ഒരു കലാകാരനായി മാറി.....

*************************

# സ്നേഹനിധി

കവിത :

ശ്രീദർശ്.എം
8-ാം തരം

പൊന്നുപോലെന്നെ നീ കാത്തതല്ലേ
ജീവിതപ്പാത നീ കാട്ടിയില്ലേ
അമ്മയുണ്ടെന്നതറിഞ്ഞതില്ല
നീ തന്നെയല്ലേ എൻ വെളിച്ചം.
അച്ഛൻ കൊഴിഞ്ഞുപോയി പണ്ടെപ്പോഴോ
അമ്മ കിടപ്പിലായെൻ ബാല്യത്തിൽ
ഏട്ടനും പോയി അകലങ്ങളിൽ,
ഒരു നേരത്തെ അന്നം തിരഞ്ഞുപോയി.
അക്ഷരങ്ങളായി ഞാൻ വിശന്നു
അക്ഷരം തേടി ഞാൻ യാത്രയായി
കൂട്ടുകാരൊത്തു ഞാൻ കൂട്ടുകൂടി
വിദ്യതൻ വാതിലിൽ പോയിരുന്നു
പോവുകയാണോ എൻ ചേച്ചീ... നീയും
ദൂരേക്കെവിടേക്കോ പോകയാണോ...
കാണാൻ വരും നീ നിൻ അനുജനെ,
കേണിട്ടും ഞാൻ നീ യാത്രയാവും.
ഒറ്റപ്പെടലിൻെറ വാതിലിൽ....
അങ്ങുമിങ്ങില്ലാതെ ഞാനൊന്ന് സംശയിച്ചു.
നിലതെറ്റി ശ്രദ്ധ എൻ വിദ്യയിലും,
കൈവിട്ടു ഞാനെൻ ഭാവിയെയും.
ഓർക്കുന്നു ഞാനാ ദുരിതവേള,
എൻെറ ജീവിതം പേറിയ ദുരിതവേള.

******************************

# അരുതേ കൊല്ലരുതേ

ലേഖനം :

അജയ് കിഷോർ.ബി.കെ
8–ാം തരം

പ്രകൃതി വിഭവങ്ങൾ നല്ല രീതിയിൽ ഉപയോഗിക്കുന്നതിന് പകരം അമിതമായി ചൂഷണം ചെയ്യുന്നതാണ് നമ്മുടെ രീതി. കല്ല്, മണലും,മണ്ണും കവർന്നെടുക്കുന്നതും വനനശീകരണവും കാരണം മലയും, കുന്നും, ജലാശയങ്ങളും ഇല്ലാതാകുന്നു . ഋതുക്കളുടെ താളം തെറ്റി കൊടും വരൾച്ചയും അതിവർഷവുമാണ് ഫലം. അമിതമായ മണലാറ്റുകാരണം നദികളിലെ ചെറുതുരുത്തുകൾ തുടച്ചുനീക്കപ്പെടുകയാണ്. കക്കപോലുള്ള ചെറുജീവികളും വംശനാശഭീഷണിനേരിടുന്നു. ഇത്തരമൊരു കാര്യത്തിലേക്ക് ഇറങ്ങിചെല്ലുകയാണ്. കൂട്ടുകാരെ ചുറ്റും ഒന്നു കണ്ണോടിച്ചു നോക്കു ... നാം സംരക്ഷിക്കേണ്ട നദികളെയല്ലേ നാം തന്നെ കെണിയിൽ വീഴ്ത്തുന്നത് . നദികൾ മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിനു നിർണായക പങ്കുവഹിക്കുന്നു. അതുകൊണ്ട് തന്നെ അവയെ പരിചരിക്കേണ്ട ചുമതല നമുക്ക് തന്നെയാണ്.

എന്നാൽ ഇന്ന് നാം സംരക്ഷിക്കേണ്ട ചുമതല നമുക്ക് തന്നെയാണ്. എന്നാൽ നാം സംരക്ഷിക്കേണ്ട നദികളെ നമ്മൾ തന്നെ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. ഇന്ന് നദികളുടെ പ്രാധാന്യം തിരിച്ചറിയാൻ ആരും ശ്രമിക്കുന്നില്ല. പക്ഷേ നദികളെ പല പല പ്രശ്നങ്ങളിലായി താഴ്ത്തുകയാണ് നമ്മുടെ പതിവ്. നമ്മുടെ ചെയ്തികളിൽ നിന്നും നദികൾ പലതരത്തിലുള്ള ഭീഷണികൾ നേരിടുന്നു. വനനശീകരണം, വയൽ നികത്തൽ, മണൽവാരൽ, മലയിടിക്കൽ, കീടനാശിനിയുടെയും രാസവളത്തിന്റെയും അമിതമായ ഉപയോഗം തുടങ്ങി നിരവധി കൊലക്കയറുകൾ. ' താൻ കുഴിക്കുന്ന കുഴികളിൽ താൻ തന്നെ വീഴും' എന്ന ചൊല്ല് ഇവിടെ പ്രശസ്തിയാർജ്ജിക്കുന്നു. നദികൾക്ക് നാം കൊലക്കയറു നൽകുമ്പോൾ അവ നമ്മൾക്ക് നൽകുന്നത് കൂടുതൽ പ്രയോജനപ്രദമായ കാര്യങ്ങളാണ്. നദീതീരങ്ങളിൽ ഉടലെടുത്ത ഒരു സംസ്കാരങ്ങൾ ഇന്നും ചരിത്രത്തിലെ മറക്കാനാ വാത്ത ഒരേടാണ്.

നൈൽ നദിയുടെ തീരത്തുടലെടുത്ത ഒരു സംസ്കാരമാണ് ഈജിപ്ത്യൻ സംസ്കാരം. രണ്ടു നദികൾക്കിടയിലുള്ള മെസപൊട്ടോമിയനും, സിന്ധുനദി തടാക സംസ്കാരത്തിനൊപ്പം ചൈനീസ് സംസ്കാരവും തുടങ്ങിയ എല്ലാം സംസ്കാരങ്ങളും നദീതീരത്ത് വളർന്നു വന്നതിനാൽ മനുഷ്യ ജീവിതത്തിലെ നാഴികക്കല്ലായി അവ ഇന്നും പ്രധാന്യം നൽകുന്നു. നമ്മുടെ പലപ്രശ്നങ്ങളും നദികളിലൂടെ നിറവേറ്റാവുന്നതാണ്. അപകടമില്ലാതെ, കുറഞ്ഞ വിലയിലും കൂടുതൽ ചരക്ക് കടത്തലും, സഞ്ചാരയോഗ്യമായ നദികൾ നമ്മുടെ പ്രശ്നത്തെ സഹായിക്കുന്ന നദിയെ നാം അറിഞ്ഞോ അറിയാതെയോ മറ്റൊരു പ്രശ്നത്തിൽ എത്തിക്കുകയാണ്. ആരാലും ചോദ്യം ചെയ്യപ്പെടാതെയുള്ള മണൽ കൊള്ള ഇല്ലാതാക്കുന്നത് പ്രകൃതിയുടെ വരദാനമായ നദികളെയാണ്. നദികൾ നാടിൻ സമ്പത്താണ്. അവയെ നാം നശിപ്പിക്കരുത്. ഒറ്റക്കെട്ടായി അണിനിരന്ന് നദീ സംരക്ഷണ മാർഗ്ഗങ്ങൾ കണ്ടെത്താം.

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# നാടോടിശീലുകൾ

അജയ് കൃഷ്ണൻ. കെ
9 ാം തരം

ആസ്വാദനം :

ഒരുപാട് വൈവിധ്യമാർന്ന നാടൻ പാട്ടുകൾ നിറഞ്ഞതാണ് നമ്മുടെ മലയാളഭാഷ. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറി വന്ന മനോഹരമായ നാടൻപാട്ടുകൾ നമ്മുടെ ഭാഷയിലാണ്. നമ്മുടെ സംസ്കാരത്തിന്റെ ആന്തരിക ചൈതന്യം കലർന്നവയാണ് നാടൻപാട്ടുകൾ. ഒരു സമൂഹത്തിലെ ആചാര അനുഷ്ഠാന കലകളെല്ലാം വ്യക്തമായി മനസിലാക്കാൻ നാടൻപാട്ടുകൾ സഹായിക്കുന്നു. നിത്യജീവിതത്തിന്റെ നിറപകിട്ടാർന്ന ചിത്രങ്ങൾ അവ കാഴ്ചവെയ്ക്കുന്നു. ജീവിതത്തിന്റെ സർവ്വ അംഗങ്ങളുമായി അവയ്ക്ക് ബന്ധമുണ്ട്. നമ്മുടെ നാടൻ പാട്ടുകളിൽ നല്ലൊരു ഭാഗം അനുഷ്ഠാന പാട്ടുകളാണ്. കളികൾക്കും വിനോദങ്ങൾക്കും,അധ്വാനത്തിനും പാടുന്ന പാട്ടുകളാണ് മറ്റുളളവ. അധ്വാനപാട്ടുകൾ അധ്വാനികൾക്ക് വളരെയേറെ ഫലപ്രദമാണ്. എത്ര കഠിനമേറിയ ജോലികളും ആയാസരഹിതമാക്കാൻ അത് സഹായിക്കുന്നു. അധ്വാനങ്ങളുടെ കഷ്ടപ്പാടുകൾ നമ്മുടെ മനസ്സിലേക്ക് വ്യക്തമായി ചിത്രീകരിക്കാൻ അധ്വാനപ്പാട്ടുകൾക്ക് സാധിക്കും . പ്രഭാതം മുതൽ പ്രദോഷം വരെ കഠിനമായി ജോലി ചെയ്യുന്നവർക്ക് തങ്ങളുടെ ദുരിതങ്ങളിൽ നിന്നും മുക്തമായി അധ്വാനിക്കാൻ അധ്വാപ്പാട്ടിന്റെ ആ താളം തന്നെ വേണം. അധ്വാനികളുടെ കഷ്ടപ്പാടുകൾ വരച്ച് കാട്ടുന്ന ഒരുപാട് അധ്വാന പാട്ടുകളുണ്ട്.

എള്ളൊണങ്ങ്ണെണയ്ക്ക്
പുല്ലൊണങ്ങ്ന്നാലയ്ക്ക്
ഞാനൊണങ്ങി തീര്ന്നേ
പാലിയത്തോറെ പള്ളയ്ക്ക്

ഈ വരികളിൽ നിന്നും നമുക്ക് മനസിലാക്കാമല്ലോ.

അധ്വാനികളുടെ കഷ്ടപ്പാട് പാലിയത്തോറെ വയറുനിറയ്ക്കാൻ ഇതിലെ അധ്വാനികൾ ഉണങ്ങിതീരുകയാണ്. അധ്വാനപ്പാട്ടിന്റെ മഹത്വത്തിൽ നമ്മുടെ നാട്ടു ഭാഷ പദങ്ങൾക്ക് നിർണായക പങ്കുണ്ട്.

എന്തുകൊണ്ട് നീ എയ്ത്തീ
എന്റെ തലേ തമ്പായേ
എന്നുകൊണ്ട് പോകും നീ
എന്നെ മേലേ തമ്പായേ

ഇങ്ങനെയുള്ള നാട്ടുഭാഷ പദങ്ങൾ കൊണ്ട് സമൃദ്ധമാണ് നമ്മുടെ അധ്വാനപാട്ടുകൾ. അത് അധ്വാന പാട്ടിനു ഈണവും ഭംഗിയും താളവും നൽകുന്നു. അതു മാത്രമല്ല അധ്വാനിക്കുന്നവരുടെ ഒരു വിഭാഗത്തിനു അവരുടേതായ ഭാഷയും ജീവിത ശൈലികളും ഉണ്ടായിരുന്നെന്ന് അത് വ്യക്തമായി തെളിയിക്കുന്നു. ഇന്ന് അധ്വാന പാട്ട് വെറുമൊരു പഴങ്കഥയാണ്. അധ്വാനം മായുമ്പോൾ അധ്വാനപ്പാട്ടും മായുന്നു. നികത്തി കെട്ടിടങ്ങൾ വ്യവസായശാലകളും പണിയുമ്പോൾ അധ്വാനപാട്ട് മായുകയാണ്. പുതു തലമുറകൾ നമ്മുടെ അധ്വാനപാട്ടുകളുടെ മുഖങ്ങളിൽ ചവിട്ടു നാടകം ആടുകയാണ് ഓപൺ ഗന്നം സ്റ്റൈലിന്റെയെല്ലാം വിളി മുഴങ്ങുമ്പോൾ അധ്വാനപാട്ടിന്റെ നിലവിളികൾ ആരും കേൾക്കുന്നില്ല.

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# കൂട്ട്

കവിത : ശ്രീരാജ്

8 ാം തരം

കൂട്ടുകൾ കൂടണം കൂട്ടരേ നമ്മൾ
അറിവുകൾ തമ്മിൽ ലയിപ്പിക്കണം.
കൂട്ടുകാരൊത്തു നാം കൂട്ടുകൂടി
അറിവുകളോരോന്നായി ആർജ്ജിക്കണം.
ജീവിതപാതയിൽ പതറിടാതെ
വഴിതെറ്റിപ്പോകാതെ കാത്തിടേണം.
തടയൂ കൂട്ടരെ തടയൂ നിങ്ങൾ
ലഹരിമരുന്നുകൾ,ബീഡികൾ,കുപ്പികൾ
കൂട്ടായ് കൂട്ടുക പുസ്തകപാഠങ്ങൾ
കൂട്ടുകാർ കൂടി ഉയരങ്ങൾ ഓരോന്നായി താണ്ടിടേണം.
എന്തിനുവേണ്ടി നാം കൂട്ടുകൂടുന്നു
അറിവിനു മാത്രമോ?സമ്പത്ത് ലക്ഷ്യമോ?
അതിനെല്ലാമപ്പുറമൊരു നല്ല മാനുഷാ
മാതൃകാബിംബമായി മാനുഷർക്കൊക്കെയും
വഴികാട്ടിടാനായി
സർവ്വതുമാർജിച്ച് മുന്നേറണം നാം.
സർവ്വതുമാർജിച്ച് മുന്നേറണം നാം.

**********************

# സ്നേഹം

ആര്യ നാരായണൻ
8 ാം തരം

അനുഭവക്കുറിപ്പ് :

മഴ പുറത്ത് തകർത്ത് പെയ്യുന്നു. ഞാൻ ഒഴികെ ബാക്കിയുള്ളവരെല്ലാം മഴയത്ത് ഉല്ലസിച്ച് കളിക്കുന്നു. സത്യമെന്ന വാക്ക് എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. എന്തുചെയ്യണമെന്നറിയാതെ ഞാനാകെ പതറി അവസാനം ഞാനൊരു കാര്യം തീരുമാനിച്ചു. എല്ലാ കാര്യവും ടീച്ചറോട് തുറന്നു പറയണം. ഞാൻ ടീച്ചറുടെ അടുത്തേക്ക് പതുക്കെ നടന്നു. ഒരു പേടി എന്നെ അലട്ടിക്കൊണ്ടിരുന്നു. എന്നാലും ഞാനതിനെ മറികടന്ന് ധൈര്യത്തോടെ ടീച്ചറുടെ അടുത്തേക്ക് നടന്നു. "എന്താ മോളേ, എന്താ ആകെ വിയർക്കുന്നുണ്ടല്ലോ"? "അതുപിന്നെ ......" ഞാൻ പറഞ്ഞു. "മടിക്കാതെ പറഞ്ഞോളൂ". "എന്റെ വീട്ടിലെന്നും വഴക്കാ അച്ഛൻ കള്ള് കുടിച്ച് വന്ന് അമ്മയെയും ഞങ്ങളെയും ഉപദ്രവിക്കും. അച്ഛനും അമ്മയും തമ്മിൽ എന്നും വഴക്കാ അതുകൊണ്ട് എനിക്കും എന്റെ അനിയത്തിക്കും പഠിക്കാൻ കഴിയുന്നില്ല." അതു പറഞ്ഞപ്പോഴേക്കും എന്റെ കണ്ണുകൾ നിറഞ്ഞു ടീച്ചർ എന്നെ ആശ്വസിപ്പിച്ചു. എന്റെ കണ്ണുനീർ തുള്ളി ടീച്ചറുടെ പാദത്തിലേക്ക് വീണു. ടീച്ചർ എന്നെ കെട്ടിപ്പിടിച്ച് ചുംബനം തന്നു. എനിക്ക് ഇതുവരെ ആരും സ്നേഹം തന്നിട്ടില്ല. "ടീച്ചർ എനിക്ക് അധ്യാപികയാണ് അച്ഛനാണ് അമ്മയാണ് ദൈവമാണ്" എന്റെ ചുണ്ടുകളിൽ നിന്ന് ഈ വാക്കുകൾ പൊഴിഞ്ഞു വീണു.

**********************

# പ്രകൃതിഗായകൻ

ജീവചരിത്രക്കുറിപ്പ് : 

അക്ഷയ. ആർ
7 ാം തരം

പ്രകൃത്യുപാസകനായ കവി. പി എന്ന അപരനാമത്തിൽ അറിയപ്പെടുന്ന കാസറഗോഡ് ജില്ലയുടെ സ്വന്തം കവിയായ പി. കുഞ്ഞിരാമൻനായർ. 1906 ഒക്ടോബർ 25 ന് കാസർഗോഡ് ജില്ലയിൽ വെള്ളിക്കോത്ത് പനയംതട്ടയിൽ ഒരു കർഷക കുടുംബത്തിൽ ജനിച്ചു. അച്ഛൻ കുഞ്ഞനുനായർ സംസ്കൃത അദ്ധ്യാപകനായിരുന്നു. അമ്മ കുഞ്ഞമ്മ. പി പട്ടാമ്പി സംസ്കൃത കോളേജിൽ പഠിച്ചു. ഇടയ്ക്ക് പഠനം നിർത്തി വീട്ടുവിട്ടിറങ്ങി. അദ്ധ്യാപകനായി പല സ്ഥലത്തും ജോലി നോക്കി. കാഞ്ഞങ്ങാട് സംസ്കൃത കോളേജിൽ അച്ഛന്റെ നിർദേശപ്രകാരം പി. അദ്ധ്യാപകനായി.

കേരളത്തിന്റെ സംസ്കാരികപൈതൃകവും പ്രകൃതിലാവണ്യവും ആണ് അദ്ദേഹത്തിന്റെ കവിതയുടെ മൗലികഭാവങ്ങൾ. പ്രകൃതിയിലൂടെ ഈശ്വരന് സാക്ഷാത്കരിക്കുന്നു എന്ന് നമുക്ക് അദ്ദേഹത്തിന്റെ കവിതകളിൽ നമുക്ക് വ്യക്തമാണ്. ഉഷസ്സിനെപ്പറ്റിപ്പാടിയ ജതികൾ മുതൽ മൂകശങ്കരൻ വരെയുള്ള ദേവീഭക്തൻമാരുടെ എല്ലാ സുവർണ്ണ സങ്കൽപ്പങ്ങളും വാരിയണിഞ്ഞ മധുരാകാരമായ ഭഗവതിയാണ് അദ്ദേഹത്തിനീശ്വരൻ.

1949-ൽ നീലേശ്വരം വാണിരുന്ന രാജാവ് ഭക്തകവി എന്ന് വിശേഷിപ്പിച്ചു. മലയാളികളിൽ വലിയൊരു വിഭാഗം പി കുഞ്ഞിരാമൻ നായരിൽ തങ്ങളുടെ ഭക്തകവിയെ കവിഭക്തനായല്ല കാണുന്നത്. ഭക്തി കവിതയെയും കൊണ്ട് പലപ്പോഴും തലചുറ്റുന്ന ഉയരങ്ങളിലേക്ക് ഓടിക്കളിക്കുന്നു.

കളിയച്ഛൻ, സൗന്ദര്യപൂജ, പൂമൊട്ടിന്റെ കണി, നരബലി, ആ മലനാടൻ മങ്കമാർ, ചന്തപിരിഞ്ഞിട്ടും, മൺകുടത്തിന്റെ വില്, ആഫ്രിക്ക പിറന്ന മണ്ണിൽ, നെടുവീർപ്പ് തുടങ്ങിയ കവിതകളെല്ലാം ഏറെ പ്രസിദ്ധമാണ്. താമരതോണി, താമരത്തേൻ, വസന്തോൽസവം,

**രഥോൽസവം, ഓണപ്പൂവ്, നിറപറ(കവിതാ സമാഹാരങ്ങൾ) എന്നെത്തിരയുന്ന ഞാൻ, കവിയുടെ കാൽപാടുകൾ, നിത്യകന്യകയെത്തേടി, പുഷ്പഗോപുരം(ആത്മകഥകൾ) തുടങ്ങി 70-ൽ ഏറെ കൃതികൾ രചിച്ചു. തിരഞ്ഞെടുത്ത പി. യുടെ കവിതകൾ രഥോൽസവം എന്ന പേരിൽ അറിയപ്പെട്ടു. 1967-ൽ പി. ജോലിയിൽ നിന്നും വിരമിച്ചെങ്കിലും അദ്ദേഹത്തിന്റെ രചനകൾക്ക് തളർച്ചയും വിശ്രമവും ഉണ്ടായിരുന്നില്ല. 500-ൽ പരം കവിതകൾ എഴുതിയങ്കിലും അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ഒരു കവിത സൗന്ദര്യദേവതയായിരുന്നു.**

**കളിയച്ഛന് കേരളസാഹിത്യ അക്കാദമിയുടെയും, താമരത്തോണിയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമിയുടെയും അവാർഡുകൾ ലഭിച്ചു.**

**1978 മെയ് 27-ന് തിരുവനന്തപുരത്ത് സത്രത്തിൽ താമസിക്കുമ്പോൾ ഹൃദയസ്തംഭനം മൂലം അദ്ദേഹത്തിന് തന്റെ രചനകളോടും രചനകളെ കൂടുതൽ വർണിച്ച പ്രകൃതിയോടും പി. കുഞ്ഞിരാമനെന്ന മഹാനായ കവിയ്ക്ക് വിടപറയേണ്ടി വന്നു.**

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# LIFE

*poem :*

**Ajith**

**8th std**

*Life is like a long journey*
*which has a destination*
*it will end at a point*
*when god calls as to come back*
*life is like a long journey*
*where courage grows and fear falls*
*life is like a balloon which breaks at any time*
*when it is so large*
*life is like a long journey*
*which meets an end*
*which has a value*
*which teaches positive and negative energy.*
*You ,the leaves of banyan tree,*
*Think you only have one life and one world*
*your dreams make a profit to God.*
*Life has many examples*
*And put your life for the universe*
*As the best example*

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

## ജീവചരിത്രകുറിപ്പ്

സൗരവ്
7 ാം തരം

ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ അറിയപ്പെടുന്നത്. തമിഴും സംസ്കൃതവും കൂടി കലർന്ന ഭാഷയായിരുന്ന മലയാളത്തെ ഇന്നത്തെ രൂപത്തിലാക്കിയത്. എഴുത്തച്ഛൻ വലിയ സംഭാവനകൾ നൽകി. മലയാളത്തിലെ ഇതിഹാസങ്ങളായ അദ്ധ്യാത്മ രാമായണം, കിളിപ്പാട്ട്, മഹാഭാരതം എന്നിവ രചിച്ചത് എഴുത്തച്ഛൻ ആണ്. മലപ്പുറം ജില്ലയിലെ തിരൂരിലാണ് എഴുത്തച്ഛന്റെ ജന്മ സ്ഥലം. പതിനാറാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്ന കരുതപ്പെടുന്നു. യഥാർത്ഥ പേര് കൃത്യമായി അറിയില്ല. ശങ്കരൻ, രാമൻ, രാമാനുജൻ ,സൂര്യരാമായണൻ എന്ന് അറിയപ്പെടുന്നു. എങ്കിലും രാമാനുജൻ എന്ന പേരിലാണ് അംഗീകാരം. ഭാഗവതം, കിളിപ്പാട്ട്, ദേവീമാഹാത്മ്യം, ബ്രഹ്മാണ്ഡ പുരാണം ഹരിനാമ കീർത്തനം, ശക്തമുഖപുരാണം തുടങ്ങിയവ ഒട്ടേറെ കൃതികൾ എഴുത്തച്ഛന്റെതാണ്.

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# മരണത്തെ ക്ഷണിക്കുന്നവർ

ലേഖനം :

ചൈതന്യ എൻ
7 ാം തരം

പ്രകൃതി അമ്മയാണ് കലാകാരിയാണ്. ആ കലാകാരിയുടെ നിർമ്മിതികളാണ് പക്ഷിമൃഗാദികളും മനുഷ്യരും സസ്യങ്ങളും പൂക്കളും ഫലങ്ങളുമെല്ലാം. അവളുടെ നിറക്കൂട്ടുകളാണ് പുഷ്പങ്ങൾ. പ്രകൃതി നമുക്ക് കനിഞ്ഞുനൽകിയ വരദാനമാണ് പുഴകളും കുന്നുകളും മലകളും മണ്ണും എല്ലാം. പ്രകൃതിയിൽ നിന്ന് നമുക്ക് ലഭ്യമാവാത്തതായി ഒന്നും തന്നെയില്ല. നമുക്ക് വേണ്ട വെള്ളം, ഭക്ഷണം, മരുന്ന് മുതലായ വസ്തുക്കൾ പ്രകൃതിയിൽ തന്നെ ഉണ്ട്.

മനുഷ്യരുടെ ദുരാഗ്രഹങ്ങളുടെ ഇരയാണ് ഇന്ന് പ്രകൃതി. നാട്ടിൻപുറങ്ങൾ ഇപ്പോൾ നഗരവത്ക്കരിക്കപെടുകയാണ്. വനനശീകരണം നടത്തി നമ്മൾ ഉണ്ടാക്കുന്ന വികസനമെല്ലാം ശരിക്കും നമ്മൾക്കു തന്നെയാണ് ദോഷം ചെയ്യുന്നത്. വനം നശിപ്പിക്കുമ്പോൾ ആ വനത്തിൽ പാർക്കുന്ന കോടാനുകോടി ജീവിവർഗങ്ങൾ ഭവനരഹിതമാക്കപ്പെടും. ക്രമേണ അവ ഒന്നൊന്നായി ചത്തൊടുങ്ങും. അതിൽ ചിലത് മാത്രം ജീവിക്കും. അങ്ങനെ നമ്മുടെ വികസനത്തിന്റെ ഫലം ദോഷം മാത്രം. മാത്രമല്ല നമുക്ക് ശുദ്ധവായു തരുന്ന നിരവധി വൃക്ഷങ്ങൾ ഇല്ലാതാകും. ടെലിവിഷനും,മിക്സിയും,സ്മാർട്ട് ഫോണും,വാഹനങ്ങളുമുള്ള ആധുനിക ലോകത്താണ് നാം ജീവിക്കുന്നത്. പലരും ഇന്ന് ആഗ്രഹിക്കുന്നത് ശരീരം വിയർക്കാതെ എങ്ങനെ പണം സമ്പാദിക്കാം എന്നാണ്. ഇന്ന് പലരും കൃഷിക്കാരനെ പുച്ഛിക്കുന്നു. പരിഹസിക്കുന്നു. അപ്പോളെല്ലാം ഒന്നോർക്കണം അവന്റെ വിയർപ്പാണ് നമ്മുടെ അന്നം. വയൽ നിരത്തിയും, കുന്ന് ഇടിച്ചും,കൂറ്റൻ കെട്ടിടങ്ങൾ പണിതും, മാളിക വീട് പണിതും നമ്മൾ എത്രമാത്രം പ്രകൃതിയെ ദ്രോഹിക്കുന്നു എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ശുദ്ധജലവും, മണ്ണും മലിനീകരിക്കുന്നത് നമ്മൾ തന്നെയാണ്.

വാഹനങ്ങളുടെ പുകയും, മോട്ടോർ ഉപകരണങ്ങളുടെ പുകയും, വായു മലിനീകരണം, ഫാക്ടറികളുടെ മാലിന്യങ്ങളും, വീട്ടിലെ മാലിന്യങ്ങളും എല്ലാം പുഴയിലേക്കാണ് എത്തുന്നത്. അവിടെ ജലം മലിനീകരിക്കപ്പെടുന്നു. അമിത രാസവളപ്രയോഗങ്ങളും, കീടനാശിനി പ്രയോഗവും മണ്ണൊലിപ്പും എല്ലാം മണ്ണിന്റെ ഫലഭൂയിഷ്ടത കുറക്കുന്നു. മനുഷ്യന്റെ പല ക്രൂരപ്രവർത്തികളുടെയും ഫലം അനുഭവിക്കുന്നത് പക്ഷിമൃഗാദികളാണ് . 'അളമുട്ടിയാൽ ചേരയുംകടിക്കും"എന്നതുപോലെ ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയം നമുക്ക് പ്രകൃതിയുടെ ക്ഷോഭം കാണിച്ചു തന്നിരിക്കുന്നു.

പല നേതാക്കൻമാരും, മഹത് വ്യക്തികളും ചോര ചീറ്റി പോരാടി നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നത് പ്രകൃതിയെ ചൂഷണം ചെയ്യാൻ വേണ്ടിയല്ല. പ്രകൃതിയെ സ്നേഹിച്ച് പരിപാലിച്ച് കഴിയാനാണ്. പണ്ടത്തെ തറവാടും, ചാണകം തേച്ച നിലവും, ഓലക്കോട്ടും, മുററവരമ്പും, കുളവും, കിണറും എല്ലാം ഗൃഹാതുരത്വം ഉളവാക്കുന്ന വെറും ഓർമ്മകൾ മാത്രമാണ് ഇന്ന്. സാങ്കേതികവിദ്യകളും, ഉപകരണങ്ങളും ഇല്ലാതെ ഇന്ന് ജീവിക്കാൻ പ്രയാസമാണ്. എന്നാലും മോട്ടോർ ഉപകരണങ്ങളുടെയും,യാന്ത്രികോപകരണങ്ങളുടെയും ഉപയോഗം നമുക്ക് കുറയ്ക്കാവുന്നതാണ്. പ്ലാസ്ററിക്ക് കവറുകൾക്കുപകരം തുണിസഞ്ചികൾ ഉപയോഗിക്കാവുന്നതാണ്. ജലസ്രോതസ്സുകളിൽ മാലിന്യം വലിച്ചെറിയാതെ നമുക്ക് വെള്ളവും സംരക്ഷിക്കാം. നാടൻ വളങ്ങളും, കീടനാശിനികളും ഉപയോഗിച്ച് മണ്ണും സംരക്ഷിക്കാം. ഗൃഹാതുരത്വം ഉളവാക്കുന്ന ഓർമ്മകളായി വയലും, കാടും, കാട്ടാറും സംരക്ഷിക്കാം. നമ്മുടെ നാടിന്റേയും നാളെയുടെയും നന്മയ്ക്കായി ഒന്നിച്ച് കൈകോർക്കാം. പ്രകൃതിയെ സംരക്ഷിച്ച് അതിനോട് ലയിച്ച് ജീവിക്കാം.

**********************

## കണിക്കൊന്നയുടെ ത്യാഗം

ആസ്വാദനം :

**അതുല്യ**
**7 ാം തരം**

**മറ്റുള്ളവർക്കുവേണ്ടി നാം ജീവിക്കണം അങ്ങനെയല്ലെങ്കിൽ ഒരു സഹായമെങ്കിലും മറ്റുള്ളവർക്ക് വേണ്ടി ചെയ്തുകൊടുക്കണം എന്ന ആശയം വായനക്കാരിലേക്ക് പകരുന്ന ഒരു മനോഹരമായ കവിതയാണ് പൂക്കാതിരിക്കാനെനിക്കാവതില്ലേ എന്നത്. ആധുനികോത്തര കവിയും,ആധുനികോക്തി കലർന്ന കവിതകൾ രചിക്കാൻ പ്രേരിപ്പിക്കുന്ന കവിയുമായ അയ്യപ്പപ്പണിക്കരാണ് ഈ കവിത രചിച്ചിരിക്കുന്നത് .**

**കേവലം ഒരു ദിവസത്തേക്ക് മാത്രം, വിഷുദിവസത്തേക്കുമാത്രം പൂക്കുന്ന ഒരു പൂവാണ് കണിക്കൊന്ന. അതും മറ്റുള്ളവർക്കുവേണ്ടി. കണിക്കൊന്ന തനിക്കു വേണ്ടിയല്ല പൂക്കുന്നത്, മറിച്ച് വിഷുക്കാലത്ത് കണികാണാൻ വരുന്നവർക്കുവേണ്ടി മാത്രമാണ്. വിഷുദിവസം കഴിഞ്ഞാൽ നമ്മൾ കണിക്കൊന്നയെ മറക്കും. കാരണം, ആ ഒരു ദിവസത്തേക്ക് മാത്രമാണ് നമുക്ക് കണിക്കൊന്നയെ ആവശ്യമായി വരുന്നത്. ഇക്കാര്യങ്ങളൊക്കെ ഈ കവിതയിൽ കവി ചൂണ്ടിക്കാണിക്കുന്നത്. തന്റെ പരിമിതികളെല്ലാം മറന്ന് മറ്റുള്ളവർക്ക് വേണ്ടി ത്യാഗം ചെയ്യുകയാണ്. മറ്റുള്ളവരെ സന്തോഷിപ്പിക്കുക, അവർക്ക് സന്തോഷവും സ്നേഹവും പകരുക എന്നതാണ് കണിക്കൊന്നയുടെ ലക്ഷ്യം. അതിനുവേണ്ടി മാത്രമാണ്കണിക്കൊന്ന പൂക്കുന്നത്, അല്ലാതെ പൂവണിഞ്ഞതുകണ്ട് കണിക്കൊന്നയ്ക്ക് ഒരു ഗുണവുമില്ല. എന്നാൽ മറ്റുള്ളവർക്കു വേണ്ടി കണിക്കൊന്ന ത്യാഗം ചെയ്യുകയാണ്.**

**കണിക്കൊന്നയെപ്പോലെ മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുന്ന ഒരുപാട് പേരുണ്ട്. കാഞ്ഞങ്ങാട് താമസിക്കുന്ന ഗംഗാധരൻ എന്ന് പേരുള്ളയാൾ ചെറുപ്രായത്തിൽ ആത്മഹത്യ ചെയ്യാൻ റെയിൽ പാളത്തിൽ പോയി നിന്നു . എന്നാൽ മുഹമ്മദ് എന്ന മനുഷ്യൻ അയാളെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിക്കുകയും അയാളുടെ വീട്ടിൽ കൊണ്ടുചെന്നാക്കി അന്നൊരു ദിവസം അവിടെ കാവൽ നിൽക്കുകയും ചെയ്തു. ഇന്നു ഗംഗാധരൻ ജില്ല ആശുപത്രിയിലെ ഉടയവരും ഉറ്റവരും ഇല്ലാത്തവർക്ക് ഒരുപാട് സഹായം ചെയ്യുന്നു.**

ഇതിൽ മുഹമ്മദ് എന്ന വ്യക്തി മറ്റൊരാൾക്കുവേണ്ടി എത്ര വലിയ സഹായമാണ് ചെയ്തിരിക്കുന്നത്!

കവി ആധുനികോക്തി കലർത്തിയാണ് കവിത രചിച്ചിരിക്കുന്നത്. ഈ കവിതയിൽ കവി ഒരുപാട് സവിശേഷ പ്രയോഗങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. എൻതാലി,നിൻതാലി,തളിരിന്റെ തളിരായ താലീവിലാസം തുടങ്ങിയവ അവയിൽ ചിലതാണ്. 'വിഷുക്കാലമെത്തിക്കഴിഞ്ഞാൽ ഞാൻ ഞെട്ടി ഞെട്ടിത്തരിക്കും' ഈ വരികളിൽ ഞെട്ടി എന്ന പദം രണ്ടുവട്ടം ഉപയോഗിച്ചിരിക്കുന്നു. അത് കവിതയ്ക്ക് മാറ്റ് കൂട്ടുന്നു.

നാം മറ്റുള്ളവർക്കുവേണ്ടി ജീവിക്കണം, മറ്റുള്ളവർക്കുവേണ്ടി ഒരു സഹായമെങ്കിലും ചെയ്യണം; കണിക്കൊന്നയെപ്പോലെ. ഈ കവിതയിലെ സന്ദേശം ഇതാണ്. ഈ കവിത വായിക്കുമ്പോൾ വായനക്കാരുടെ മനസിൽ "എനിക്കും കണിക്കൊന്നയെപ്പോലെ മറ്റുള്ളവർക്ക് സഹായം ചെയ്യണമെന്ന് തോന്നും വിധമാണ് ഇതിന്റെ ആശയം. നാം ഇതുവരെ ശ്രദ്ധിക്കാതെപോയ ,ഒന്നോ രണ്ടോ ദിവസം മാത്രം നാം ഓർക്കുന്ന ഒരുപാടുപേരെ കണിക്കൊന്നയിലൂടെ ചൂണ്ടികാണിക്കാൻ കവിക്ക് സാധിക്കുന്നുണ്ട് .

ഈ കവിത വായിക്കുമ്പോൾ എനിക്കും കണിക്കൊന്നയെപോലെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കണം എന്ന് തോന്നുന്നു . കൂടാതെ വർഷത്തിൽ വിഷു ദിനത്തിൽ മാത്രം നാം ഓർക്കുന്ന കണിക്കൊന്നയെ എന്നും ഓർക്കാനും സ്നേഹിക്കാനും തോന്നുന്നു.

ഈ കാലഘട്ടത്തിൽ വളരെ സാമൂഹ്യപ്രസക്തിയാർജ്ജിച്ച കവിതയാണിത്. കാരണം ഇന്ന് എല്ലാവരും"സ്വന്തം കാര്യം സിന്ദാബാദ്"എന്ന അഭിപ്രായക്കാരാണ് എല്ലാവരും സ്വാർത്ഥരാണ്. ഇങ്ങനെയൊരവസ്ഥയിൽ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്ന കണിക്കൊന്നയെ നാം മാതൃകയാക്കണം. സ്വാർത്ഥത ഉപേക്ഷിക്കണം. ഇങ്ങനെയുള്ള, നമ്മുടെ ജീവിതത്തിന് എന്നും ഉപകരിക്കുന്ന ഒട്ടേറെ സന്ദേശങ്ങളും ഈ കവിതയിൽ നിന്നും വായിച്ചെടുക്കാൻ നമുക്ക് പറ്റും.

എനിക്ക് ഈ കവിത വളരെയധികം ഇഷ്ട്ടപ്പെട്ടു. കാരണം,മറ്റുള്ളവരെ സഹായിക്കണം' എന്ന വളരെ മഹത്തായ സന്ദേശം ഈ കവിതയിൽ നിന്നും ലഭിക്കുന്നു. ഈ കവിതയിലെ കണിക്കൊന്നയാവാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കണം.

# മാതൃവാത്സല്യം

*കവിത :*

നന്ദന. എ
9 ൧൦ തരം

അമ്മയെ ഓർക്കുന്നു ഞാനീ-
വേളയിൽ
അമ്മതൻ വാക്കും കൂടെയുണ്ടെമ്മതൻ
ചൂടാൽ ജനിച്ചു വളർന്ന ഞാൻ
അമ്മയാണെൻ ദേവിയെന്നറിഞ്ഞു
പിച്ചവയ്ക്കും നാൾ കാവലായ് അച്ഛനും
തൊട്ടു പിന്നാലെ അമ്മതൻ സ്നേഹവും
പപ്പടം വട്ടത്തിലമ്പിളി മാമനെ-
കാണിച്ചു എന്നമ്മ ചോറുതന്നു
താരാട്ടുപാടി ഉറക്കിയെന്നമ്മ
മുത്തവും നൽകി ചെറുനെറ്റിയിൽ
സ്നേഹ വാത്സല്യത്തിൻ തെന്നലാണെന്നമ്മ
സ്നേഹ ദീപമായ് ജ്വലിക്കുന്നുയെന്നമ്മ.

************************

# ಚೆಲುವು ತುಂಬಲಿ

ಪೂಜ

೯- ತರಂ

*ಗುಡ್ಡ,ಬೆಟ್ಟ,ಕಾಡು,ಕಣಿವೆ,ನದಿ,ಶರಧಿಗಳಿಂದ ಕೂಡಿದ ಈ ಭೂಮಿಯು ಅದೆಷ್ಟು ರಮ್ಯವಾಗಿದೆ !ಸಹಜ ಸೌಂದರ್ಯ ವನ್ನು ಮೈಗೂಡಿಸಿಕೊಂಡಿರುವ ಈ ಇಳೆಯ ಎಲ್ಲ ಜೀವರಾಶಿಗಳ ಆಶ್ರಯತಾಣ. ಆದರೆ ಭೂಮಿಯನ್ನು ಬಳಸುವವರಲ್ಲಿ ಮಾನವನಿಗೇ ಅಗ್ರಸ್ಥಾನ.ಇಂದು ಮನುಷ್ಯನ ವ್ಯಾಮೋಹಕ್ಕೆ ಪ್ರಕೃತಿಯು ಬಲಿಯಾಗುತ್ತಿದೆ .ಅರಣ್ಯಗಳು,ಬೆಟ್ಟಗಳು ಮಾಯವಾಗುತ್ತಿವೆ .ನದೀ ಮೂಲಗಳು ಬತ್ತುತ್ತಿವೆ .ಪರಿಸರವು ಮಲಿನವಾಗುತ್ತಿದೆ .ನಮಗೆ ಇಂದು ಧರಣಿಯಲ್ಲಿರುವ ಸಂಪನ್ಮೂಲಗಳನ್ನು ಪರಿಸರಕ್ಕೆ ಹಾನಿಯಾಗದಂತೆ ಬಳಸಬೇಕಾದ ಅನಿವಾರ್ಯ ಇದೆ.*

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# RAIN DROPS

*poem :*

Amritha A K

9th std

*Drops of rain*
*Crystals of diamond*
*From the sky to my*
*Little chubby hands*

*As I open the window*
*Rain Drops fall on my hand*
*And as a sprinkler*
*On my face*

*Spring season took*
*Me to heaven*
*Flowers falling on me*
*Took me to the palace of flowers*

*A sound Arisen*
*Wake up dear,wake up*
*I was really surprised*
*It was my sweet raindrop*

# ജാതീയമായ അസമത്വങ്ങളും വിവേചനങ്ങളും

ലേഖനം :

മഹേഷ്.കെ

9 ാം തരം

ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് കേരളം അറിയപ്പെടുന്നത്. പക്ഷേ കേരളത്തിലെ ഇന്നത്തെയും പണ്ടത്തെയും സ്ഥിതി മനസ്സിലാക്കിയവർ ഒരിക്കലും ദൈവത്തിന്റെ നാട് എന്ന് പറയുകയില്ല. പണ്ട് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഒരു അനാചാരമാണ് അയിത്തം. താണ ജാതിക്കാർക്ക് ഉയർന്ന ജാതിക്കാരെ തൊട്ടുകൂടായ്മ, ഉയർന്നവരോടൊപ്പമിരുന്ന് പഠിച്ചുകൂടായ്മ, അവർ വരുന്ന വഴിയിൽ നിന്നു കൂടായ്മ, നല്ല വസ്ത്രം ധരിച്ചുകൂടായ്മ, തുടങ്ങി നിരവധി ആചാരങ്ങൾ ആയിരുന്നു പണ്ട്. ഈ സ്ഥിതിയെ വിലയിരുത്തിക്കൊണ്ട് സ്വാമി വിവേകാനന്ദൻ കേരളം ഒരു പ്രാന്താലയമാണെന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഇതിനൊക്കെ എതിരേ ശക്തമായി പോരാടി സത്യാഗ്രഹങ്ങളും സമരങ്ങളും നടത്തി ശ്രീ നാരായണഗുരു, അയ്യങ്കാളി, വിവേകാനന്ദസ്വാമി തുടങ്ങിയവരെ പോലുള്ളവർ നമുക്ക് ഇന്നീ കാണുന്ന സ്വാതന്ത്ര്യം നേടിതന്നു.

പക്ഷേ ആ സ്വാതന്ത്ര്യത്തെ ആധുനിക ജനത പരമാവധി ചൂഷണം ചെയ്യുകയാണ്. എന്തും ചെയ്യാൻ സ്വാതന്ത്ര്യം ഉണ്ടെന്ന് കരുതി അവർ നീതി ലംഘിച്ചു കൊണ്ട് പ്രകൃതി വിരുദ്ധമായി പ്രവർത്തനങ്ങൾ കാട്ടിക്കൂട്ടുന്നു. മനുഷ്യർ പരസ്പരം കുത്തിയും കൊന്നും തല്ലിയും അടിപിടികളുണ്ടാക്കിയും അരങ്ങേറുന്ന കലഹങ്ങൾക്കു പുറമേ ജാതിയുടെ പേരിൽ പ്രശ്നങ്ങൾ നടക്കുന്ന നിരവധി സംസ്ഥാനങ്ങൾ ഇന്നും ഇന്ത്യയിലുണ്ട്. നമ്മുടെ കേരളത്തിലുണ്ടായിരുന്നതിനേക്കാളും അതി ദയനീയമായ സ്ഥിതിയാണ് ആ സംസ്ഥാനങ്ങളിൽ. അവയെ മുൻനിർത്തി നോക്കുമ്പോൾ കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. ഈ സ്ഥിതി തുടരുകയാണെങ്കിൽ ഒരു കലഹ മുക്ത രാഷ്ട്രം നമുക്ക് സ്വപ്നം കാണാൻ മാത്രമേ സാധിക്കുകയുള്ളൂ.

പണ്ടൊക്കെ നമ്മുടെ നാട്ടിൽ ഒരപരിചിതനെ കണ്ടാൽ ആദ്യം അന്വേഷിക്കുക നിങ്ങളുടെ പേരെന്താണ് എവിടെ നിന്നാണ് വരുന്നത് എന്നൊക്കെയാണ്. എന്നാൽ ഇന്ന അങ്ങനെയല്ല ആദ്യം ചോദിക്കുന്നത് നീ ഏത് മതക്കാരനാണ് എന്ന രീതിയിലേക്ക് നമ്മൾ എത്തിചേരുന്നുവോ എന്ന് പേടിക്കേണ്ടിയിരിക്കുന്നു. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുദേവവചനവും 'ജാതി ചോദിക്കുന്നില്ല ഞാൻ സോദരി ചോദിക്കുന്നു നീർ നാവു വരണ്ടുഹോ' എന്ന ആശാന്റെ വരികളും നമ്മൾ ഓർക്കേണ്ടതാണ്.

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# മകനെക്കുറിച്ചുള്ള ഓർമ്മയിൽ

ശിവന്യ
7 ാം തരം

"സിംലേ...മോളേ സിംലേ..." നീയെവിടെയാ അമ്മയുടെ ചോദ്യം കേട്ടയുടനെ സിംല ഓടി വന്ന് പറഞ്ഞു. ശരി, എന്നാൽ വേഗം പോയി കിടക്ക് നല്ല തണപ്പാണ്. അമ്മ സിംലയോട് പായ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു. 'ആ... ശരി" സിംല പായയിൽ മൂടിപ്പുതച്ചു കിടന്നുറങ്ങി. അവൾ ഏട്ടനെക്കുറിച്ചോർത്ത് കിടന്നതാണ്, ഏട്ടൻ തനിക്കുവേണ്ടി കൊണ്ടുവരുന്ന സാധനങ്ങളെക്കുറിച്ചോർത്തും, ചേട്ടൻ പണ്ട് തനിക്കൊത്ത് വെള്ളാരങ്കല്ല് കളിച്ചതൊക്കെ അവളറിയാതെ തന്നെ മയക്കത്തിലേക്ക് വഴുതി വീണു. അവൾ ചേട്ടനെക്കുറിച്ച് ഒരു സ്വപ്നം കണ്ടു."മോളേ...സിംലേ "എന്ന വിളി കേട്ടാണ് അവളുണർന്നത്. അതാ തന്റെ മുമ്പിൽ ചേട്ടൻ. സിംല ഓടിച്ചെന്ന് ചേട്ടനെ കെട്ടിപ്പിടിച്ചു. ചേട്ടൻ കൊണ്ടുവന്ന പെട്ടി സിംലയെ കാണിച്ചു. പെട്ടി മുഴുവൻ സിംലയ്ക്കുള്ള ഉടുപ്പുകളും,കുപ്പിവളകളും."ഹായ് എന്തുരസം! "പിന്നെ സിംലയുടെ വിവാഹത്തിനാവശ്യമായ കുറച്ച് പണവും. അത് ചേട്ടൻ അച്ഛനെ ഏൽപ്പിച്ചു. പിന്നെ അവൾക്ക് ചേട്ടൻ വേറൊരു സാധനവും കൊണ്ടുവന്നിരുന്നു, ഒരുകുഞ്ഞിക്കുടുക്ക. അതിന് ചെറിയ ഒരു ദ്വാരവും. അവൾ അത് എടുത്ത് കമഴ്ത്തിനോക്കി. അതാ അതിൽനിന്നും കുന്നിക്കുരു വീഴുന്നു! അവൾ ആദ്യമായാണ് അത്രയും കുന്നിക്കുരു ഒരുമിച്ചുകാണുന്നത്. ഹായ് കുന്നിക്കുരു!അവൾ ഉറക്കെ പറഞ്ഞു. ഉറക്കത്ത് പിച്ചും പേയും പറയല്ലേ പെണ്ണേ. സിംലയുടെ അമ്മ അങ്ങനെ പറയുമ്പോഴാണ് താനിതുവരെ കണ്ടതെല്ലാം സ്വപ്നമാണെന്ന് സിംലയ്ക്ക് ബോധ്യപ്പെട്ടത്. ഞാനിനി ഏട്ടനോട് വരുമ്പോൾ കുന്നിക്കുരു കൊണ്ടുവരാൻ പറയും എന്നുപറഞ്ഞുകൊണ്ട് സിംല ഉറങ്ങി.

സിംലയുടെ അമ്മ അപ്പോൾ കിടന്നതേയുള്ളൂ. അവരുടേയും ആലോചന തന്റെ മകനെക്കുറിച്ചുതന്നെയായിരുന്നു. അവരും സിംലയെ പോലെ തന്റെ മകനെക്കുറിച്ചോർത്ത് ഉറക്കത്തിലേക്ക് വീണു. അവരും തന്റെ മകനെക്കുറിച്ച് ഒരു സ്വപ്നം കണ്ടു.

ഒരു ദിവസം അച്ഛന് തന്റെ മകനയച്ച ഒരു കത്ത് കിട്ടി. അതിങ്ങനെയാണ്: ജൂൺ 17 ന് ഉച്ചയാകുമ്പോഴേക്കും ഞാൻ വീട്ടിലേക്കുവരും. അച്ഛന്റെയും അമ്മയുടെയും സിംലയുടെയും സന്തോഷത്തിന് അതിരില്ലായിരുന്നു. അമ്മ തന്റെ മകനു വേണ്ടി കഴിയുന്നവിധം ആഹാരമുണ്ടാക്കി. സിംല ഉരുണ്ട വെള്ളാരംകല്ല് ശേഖരിച്ചു. പക്ഷേ, രാത്രിയായിട്ടും മകനെ കാണുന്നില്ല. അവരെല്ലാവരും പരിഭ്രമിച്ചു. പിറ്റേ ദിവസം ജമീന്ദാരുടെ കാര്യസ്ഥൻ ഓറഞ്ച് പറിക്കാൻ വന്നപ്പോൾ അവർക്ക് ഒരു പത്രത്തിന്റെയുള്ളിൽ പൊതിഞ്ഞാണ് കൊടുത്തത്. അച്ഛൻ അതൊന്ന് വായിച്ചു. അതിലൊരു വാർത്തയുടെ ഉള്ളടക്കം ഇങ്ങനെയായിരുന്നു ദില്ലിയിൽ നിന്നും ഉത്തർപ്രദേശിലേക്ക് വരുന്ന തീവണ്ടി അപകടത്തിൽ പെട്ടു. 12 പേർ മരിച്ചു 103 പേർക്ക് പരിക്ക്. മരിച്ചവരിൽ ഒരാളുടെ പേഴ്സിൽ നിന്നും കണ്ടെത്തിയ പേരും മേൽ വിലാസവും ഇങ്ങനെ ബിക്രം സിങ്, ഉത്തർപ്രദേശ്. അച്ഛനുറക്കെ വായിച്ചു. സിംല പൊട്ടിക്കരഞ്ഞു. അമ്മയുടെ ബോധം പോയി. മോനേ.......അമ്മ ഉണർന്നു.എന്താ? എന്താ നീ ഉറക്കത്തിൽ കൂവിയത്? അച്ഛൻ ചോദിച്ചു. അത് ഞാനൊരു സ്വപ്നം കണ്ടു. നമ്മുടെ മോനെപ്പറ്റിയുള്ള സ്വപ്നം. അമ്മ തന്റെ സ്വപ്നം വിശദീകരിച്ചു. അപ്പോൾ അച്ഛൻ അത്ഭുതത്തോടെ പറഞ്ഞു: ഞാനും ഇതുപോലൊരു ദുസ്വപ്നം നമ്മുടെ മകനെപ്പറ്റി കണ്ടിരുന്നു. എനിക്കു പേടിയാവുന്നു........നമ്മുടെ സ്വപ്നം യാഥാർത്ഥ്യമായിരിക്കുമോ? അച്ഛൻ അമ്മയെ സമാധാനിപ്പിച്ചു. അവർ കിടന്നുറങ്ങി..................

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# IF I WERE INVISIBLE

Ajmala Nasri

9th std

If an ambition is a joy forever, day dreaming for impossibility is thrilling as well as highly exciting. I wish I would equate myself with God who is invisible and escape from all care and tensions of life. I would get rid of all the tensions of life and enjoy roaming like a free,delighted bird.

I can watch any film in a theatre. I can travel around the world. I can eat anything from any restaurants but they would not catch me. But being a good -hearted man, I would not do any corruption. If I could be invisible,I would try to make this world a better place for living. Having a magical power is more than any powerful technology that we have today. Now a days people fear people more than any ghosts.

Poverty,unemployment and hunger have caught lives of people that they do not think while they commit a crime. Hungry stomachs do not mind what is wrong and what is right. They have just to fill their empty stomach. If I become invisible,I would try to make people happy by solving their problems and fulfilling their little positive wishes.

Today many small children who have not covered 10 years of age,do hard jobs for filling their belly,but they do not get enough and die of hunger which makes my eyes fill with tears.

I would provide those children with all the requirements by taking the money from the rich who gained money from illegal resources.

I would also act as a spy sneak into terrorists hiding place. I would take away all their secrets and reports this to the field marshal of our country.

If we use our little resources we can change the world work for the benefits of our country, it would be no less than having a magical power,and in doing so we would be better citizens too.

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# ಜೀವಜಲ

ಕವಿತ :

ಅಶ್ವಿತ

೯- ತರಂ

ಅಮೃತ ಎಂದರೆ ನೀರು
ನೀರನ್ನು ಪೋಲು  ಮಾಡದವರಾರು
ನೀರೆಂಬುದು ಜೀವಾಮೃತ
ಅದ ಪೋಲು ಮಾಡುವುದೇ ದುಷ್ಕೃತ್ಯ ||

ಒಂದು ನಿಮಿಷವೂ ನೀರ ಬಿಟ್ಟಿರಲಾರೆವು
ಅದರೂ ಅದ ಪೋಲು ಮಾಡತಿರುವೆವು
ಬಾಯಾರಿಕೆ ಆದಾಗ ನೀರಿಲ್ಲದಿದ್ದರೆ
ಚರಂಡಿ ನೀರು ಕೂಡಾ ರುಚಿಯಂತೆ ||

ನೀರಿಲ್ಲದೆ ನಾವಿಲ್ಲ ಎಂಬುದು ತಿಳಿದು
ಪ್ರಕೃತಿಗೆ ಎಲ್ಲರೂ ಮಾಡಿ ಒಳಿತು
ಅದಕ್ಕಾಗಿ ಬರೆದೆ ಈ ಕವಿತೆ
ಇದ ಕೇಳಿ ನೀರನುಳಿಸಿ ಎಲ್ಲ ಜನತೆ ||

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# കത്ത്

തീയ്യതി:30/07/1979

സ്ഥലം: ദില്ലി

പ്രിയപ്പെട്ട അച്ഛന്,

അച്ഛന് സുഖമാണോ? അമ്മ കൃത്യമായി മരുന്നു കഴിക്കാറുണ്ടോ? ഞാനാ എപ്പോഴും അമ്മയ്ക്ക് മരുന്ന് കൊടുക്കാറുള്ളത്. സിംലയോട് കൃത്യമായി മരുന്നു കൊടുക്കാൻ പറയണം. സിംലയുടെ പഠിത്തമൊക്കെ എങ്ങനെ പോകുന്നു? അവൾക്ക് അടുത്ത തവണ രണ്ടു ജോഡി കുപ്പിവള കൊടുത്തയക്കും എന്നു പറയണം. അവിടുത്തെ ഓറഞ്ചു തോട്ടങ്ങളൊക്കെ കായ്ച്ചോ? അളകനന്ദയിലെ വെള്ളാരം കല്ലുകളെടുക്കാൻ പോകുമ്പോൾ മുങ്ങാൻ കുഴിയിടുമ്പോൾ ശ്രദ്ധിക്കാൻ സിംലയോട് പറയണം. ഒറ്റയ്ക്കവളെ വെള്ളാരം കല്ല് ശേഖരിക്കാൻ പറഞ്ഞുവിടേണ്ട. ഞാൻ തന്നെ ഇവിടെ പാചകം ചെയ്യണം. അമ്മയുണ്ടാക്കുന്ന റൊട്ടിയുടെ സ്വാദ് ഇവിടത്തെ ആരുണ്ടാക്കിയ റൊട്ടിയിലുമില്ല. എനിക്ക് അമ്മയുണ്ടാക്കിയ റൊട്ടി തിന്നാൻ കൊതിയായിട്ടുവയ്യ. എനിക്ക് അന്ന് കിട്ടിയ വെള്ളാരം കല്ല് നല്ല ഉരുണ്ടുതടിച്ച വെളുത്ത കല്ല് കളയരുതെന്ന് സിംലയോട് പറയണം. ഞാൻ തീവണ്ടിയിലാണ് ഇവിടെ നിന്ന് പുറപ്പെട്ടതെന്ന് അറിയാമല്ലോ?... യാത്ര വളരെ നന്നല്ലെങ്കിലും മോശമായിരുന്നില്ല. എനിക്ക് തീവണ്ടിയിലെ ആൾക്കാരുടെ കലപില ശബ്ദം കാരണം ഒന്ന് ഉറങ്ങാൻ പോലും കഴിഞ്ഞില്ല. ഇവിടെ എന്തൊരു ചൂടാണെന്നോ?? എനിക്ക് ഇവിടത്തെ സാഹചര്യത്തിനോട് പൊരുത്തപ്പെടാൻ കുറച്ച് സമയം വേണ്ടിവന്നു. എനിക്കിവിടെ ഒരു ജോലി കിട്ടീട്ട് മൂന്ന് മാസം ആവാനായി. ഇവിടെയൊരു കൊപ്ര കമ്പനിയിലാണ് ജോലി. ഉണങ്ങാൻ ഇട്ടിരിക്കുന്ന കൊപ്രയെ കാക്ക കൊത്തിക്കൊണ്ട് പോകാതെ നോക്കണം. ഞാനും വേറൊരുത്തനുമുണ്ട്. അവനും എന്റെ പ്രായമാണ്.

ഞങ്ങൾ പെട്ടെന്നു തന്നെ സുഹൃത്തുക്കളായി.ഉച്ചയ്ക്കുള്ള ഭക്ഷണം ഇവിടുന്നു കിട്ടും. രാവിലെ ഒരു ഗ്ലാസ് പച്ചവെള്ളം കുടിക്കും. വൈകുന്നേരം നമ്മൾ തന്നെ പാചകം ചെയ്യും. ദിവസം ഒരു രൂപയാണ് ശമ്പളം. ഞാൻ ഇപ്പോൾ നിർത്തുന്നു. സമയം കിട്ടുമ്പോഴൊക്കെ കത്തയക്കാം. എല്ലാവരോടും എന്റെ അന്വേഷണം പറയണം.

എന്ന് സ്വന്തം,

ബിക്രം സിംങ്

നമ്പർ : 21

കൃഷ്ണ നിവാസ്

ദില്ലി ( പി.ഒ )

ഉത്തർപ്രദേശ്

********************

# ഓർമയിലെ ബാല്യകാലം

കവിത : ആര്യ . എ

7 ാം തരം

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം ഇന്നു -
മോർക്കുന്നു ഞാനെന്റെ നല്ലകാലം
ഓർമകൾ മേയുന്ന ബാല്യകാലം എന്നും
ഓർമകൾ നിറയുന്ന ബാല്യകാലം
മാധുര്യമേകുമാ ബാല്യകാലം എനിക്കാനന്ദമേകുമാബാല്യകാലം
ഓർക്കുവാൻ എന്തെനിക്കിഷ്ടമാണെന്നൊ
ഓർമകൾ നുകരുമാം ബാല്യകാലം
ഓടികളിച്ചുരസിച്ചു നടന്നുള്ള
കാലഘട്ടത്തിന്റെ ഓർമകളും
മാധുര്യമേറുന്ന മാമ്പഴം തിന്നുവാൻ
മാവിന്റെ കൊമ്പിൽ കല്ലെറിഞ്ഞതും
ഓലയായുള്ള കളിപ്പാട്ടങ്ങളും
പമ്പരം പാവയും കാറ്റാടിയും
കൂട്ടുകാരൊത്ത് ഗോരി കളിച്ചതും
മണ്ണപ്പം ചുട്ട് കളിച്ച് തിമിർത്തതും
കഥായിയും പിന്നെ മിഠായിയും തിന്ന്
ആർത്തുല്ലസിച്ചു നടന്നകാലം
പൊട്ടിയസ്ലേറ്റുമായി പള്ളിക്കൂടം വരെ
ഇടവഴിതാണ്ടി ഞാൻ നടന്നങ്ങുചെന്നതും
ഇന്നുമോർക്കുന്നു ഞാൻ ആ ബാല്യകാലത്തെ
ഇന്നുമോർക്കുന്നു ഞാൻ ആ നല്ലക്കാലത്തെ
ഓർക്കാൻ കൊതിക്കുന്നു ബാല്യകാലമെന്നും
ഓർമകൾ നിറയുമാം ബാല്യകാലം.....

# വർണ്ണക്കൂടാരം

ആസ്വാദനം : **വർഷ.കെ.ചന്ദ്രൻ**

കാൽപനിക കവികളിൽ പ്രസിദ്ധനായ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'ബാഷ്പാജലി' എന്ന സമാഹാരത്തിൽ നിന്ന് അടർത്തിയെടുത്ത ഒരു കവിതയാണ് 'സൗന്ദര്യലഹരി'. കവിതയെ ചാട്ടവാറായി നയിക്കുന്ന സാരഥിയായിരിക്കണം കവി. അനശ്വരമായ കവിതകളിലൂടെ ചങ്ങമ്പുഴ ഇന്നും നമ്മുടെ മനസ്സിൽ ജീവിച്ചുകൊണ്ടിരിക്കുന്നു.

പ്രകൃതിയിലെ വർണ്ണ വൈവിധ്യമാർന്ന കാഴ്ച്ചയും അത് ജീവിതത്തോട് സാദൃശ്യപ്പെടുത്തുന്നതുമാണ് കവിതയുടെ സാരാംശം. പ്രകൃതിസുന്ദരിയുടെ വിവിധ രൂപഭാവങ്ങൾ കവിതയിൽ ആവിഷ്കരിക്കുന്നുണ്ട്. നാം പലരും ശ്രദ്ധിക്കാത്ത, ആസ്വാദിക്കാത്ത പ്രകൃതിയാകുന്ന പൂന്തോട്ടത്തെ വർണ്ണിച്ച് ഒരു നീണ്ട വാങ്മയചിത്രംതന്നെ കവി പണിതുയർത്തുന്നു. മനസ്സിൽ കുളിർ മഴ പെയ്യിക്കുന്ന ആ സൗന്ദര്യലഹരിയെ ഒരു വർണ്ണക്കൂടാരമായി സംരക്ഷിക്കാൻ നാം ഓരോരുത്തർക്കും കഴിയണം. മണ്ണിനേയും, വിണ്ണിനേയും, പൂക്കളേയും, മരങ്ങളേയും, കാടിനേയും, കാറ്റിനേയും തുടങ്ങി കവിതയിൽ പൊൻവസന്തത്തെ വിരിയിക്കുകയാണ് കവി. സരളമധുരമായ പദാവലിയിൽ വാങ്മയങ്ങളുടെ അനർഗളപ്രവാഹവും തന്റെ കവിതയിൽ നിറക്കൂട്ടുകളാക്കിയ ചങ്ങമ്പുഴ തുടക്കം മുതൽ ഒടുക്കം വരെ വായനക്കാരെ പുതിയൊരു സ്വർഗത്തേക്ക് കൊണ്ടെത്തിക്കുകയാണ്.

പച്ചിലച്ചാർത്തിന്റെ പഴുതിലൂടെ പടിഞ്ഞാറൻ ചക്രവാളത്തിൽ പ്രകൃതി ഒരുക്കുന്ന മനോഹരമായ പൂന്തോട്ടത്തേയും ഇങ്ങനെയുള്ള സൗന്ദര്യാവിഷ്കാരങ്ങൾ ആസ്വദിക്കാൻ തുടങ്ങിയിട്ടെത്ര കാലമായി എന്നിട്ടും തീരുന്നില്ലല്ലോ എന്നാണ് ആദ്യ ഈരടികളിൽ കവി ചൂണ്ടിക്കാണിക്കുന്നത്. ഓരോരോ ദിവസവും പൂക്കുന്നത് കോണ്ടാണ് നമ്മൾ ഭൂമിയെ ഇഷ്ടപ്പെടുന്നതെന്നും അല്ലെങ്കിൽ നാം ഈ ലോകത്തെ വെറുത്തേനെയെന്നും കവി പറയുന്നു.

ഇവിടെ പുലരിയെയും,രജനിയേയും,സന്ധ്യയേയും മനോഹരമായി വർണ്ണിക്കുന്നു. സിന്ദൂരം പൂശി മുഖം മിനുക്കി ചിണുങ്ങി ചിണുങ്ങി പൂവിനെ ചിരിപ്പിച്ചു പ്രഭാതം വരുന്നു. കാമുകിയായ പൂവ് തന്റെ കാമുകനായ പ്രഭാതത്തെ കാത്ത് നിൽക്കുന്നതും അവനെ കാണുമ്പോൾ തന്റെ ഭംഗിയിൽ അവനെ മയക്കുന്നതുമായി പുലരിയേയും, നക്ഷത്രങ്ങളെ വാരി ആകാശത്ത് വിതറിക്കൊണ്ട് അണയുന്ന സന്ധ്യാശ്രീയേയും,വാനിൽ ഉല്ലസിച്ച് പൂർണ്ണചന്ദ്രന്റെ നിലാവിൽ കുളിച്ചെത്തിടുന്ന രജനിയേയുമാണ് വ്യക്തമാകുന്നത്.

ഇങ്ങനെയുള്ള സൗന്ദര്യമാണ് ജീവിതത്തെ മധുരിപ്പിച്ചീടുന്നു എന്നതിൽ ഒരു സംശയവുമില്ല. കുളിർത്ത ഇളം കാറ്റ് സുഗന്ധംപരത്തി തരുക്കളെ തഴുകുന്നു. തന്റെയുള്ളിൽ ആകാശത്തെയേന്തി പാറക്കെട്ടുകൾ തോറും വെണ്മ ചിന്നി കാട്ടരുവി ഒഴുകിനീങ്ങി.

പൂവിന്റെ തേൻ നുകരുന്ന ചിത്രശലഭങ്ങളേയും വള്ളിച്ചെടിയുടെ നർത്തനത്തോടൊപ്പം നമ്മളോരോരുത്തരും പ്രകൃതി സൗന്ദര്യത്താൽ മുഴുകുന്നു. ഈ വിധം വസ്തുക്കളാണ് നമ്മെ ഭൂമിയിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും എന്ന സത്യമാണ് കവിതയുടെ ഒടുക്കം.

പ്രകൃതി സൗന്ദര്യത്തിന്റെ നീണ്ട നിര തന്നെ കവിതയിൽ പ്രതിഫലിക്കുന്നു. ശാസ്ത്രം വിജ്ഞാനം കൊളുത്തിയ ദീപ ശിഖയിൽ പരന്നൊഴുകിയ പ്രകാശധരണിയിൽ ഇന്നു മനുഷ്യൻ പ്രപഞ്ചത്തെ പുതിയൊരു കണ്ണിലൂടെയാണ് നോക്കി കാണുന്നത്. അതുകൊണ്ട് തന്നെ പ്രപഞ്ചത്തെയും, പ്രപഞ്ചസൗന്ദര്യത്തെയും അസ്വദിക്കാൻ നമ്മൾ പലപ്പോഴും നിൽക്കാറില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഈ കവിതയിലൂടെ നമ്മെ പ്രകൃതി സൗന്ദര്യങ്ങൾ ആസ്വദിപ്പിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്. കവിതയുടെ തലക്കെട്ടായ 'സൗന്ദര്യലഹരി 'എന്ന പദത്തിൽ തന്നെ കവിതയുടെ ഒരു പ്രധാനാശയം ഒളിച്ചിരിപ്പുണ്ട്. കൂടാതെ സൗന്ദര്യത്തിന്റെ ലഹരിയാണിവിടെ പ്രതിഫലിക്കുന്നതും. അതുപോലെത്തന്നെ തലക്കെട്ടിൽ നിന്ന് തന്നെ  വായനക്കാരെ വായിക്കാൻ പ്രേരിപ്പിക്കുന്നു.

"പൂർവ്വദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി

പൂവിനെ ചിരിപ്പിച്ചു വന്നെത്തും പുലരിയും"

എന്ന ഈരടിയാണ് എനിക്ക് കൂടുതൽ ഇഷ്ടപ്പെട്ടത്. കാരണം പടിഞ്ഞാറൻ ചക്രവാളത്തിൽ പ്രകൃതി ഒരുക്കുന്ന പൂന്തോട്ടത്തെയാണ് ഇവിടെ വർണ്ണിക്കുന്നത്. കൂടാതെ 'പ' എന്ന അക്ഷരത്തിന്റെ ആവർത്തനവും പ്രയോഗഭംഗിയും ഒക്കെ പ്രത്യേക മാറ്റ്കൂട്ടുന്നു.

കവിതയിൽ ആദ്യവരികളിൽത്തന്നെ ആദ്യാക്ഷരപ്രാസം ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ വിവിധ രൂപാലങ്കാരവും ചമൽക്കാരഭംഗിയും, പ്രയോഗഭംഗിയും അക്ഷരങ്ങളുടെ ആവർത്തനവും ഉൾപ്പടെ കവിതയ്ക്ക് മഴവില്ലിൻ മാറ്റ് കൂട്ടുന്നു.

'പ്രകൃതി' എന്ന വിഷയം കവികളുടെ പ്രിയ വിഷയംത്തന്നെയാണ്. പ്രകൃതിയെ അമ്മയായും,കാമുകിയായും ഒക്കെ ചിത്രീകരിക്കുന്നു. തൂലികയെ ചാട്ടുവാറാക്കുന്ന കവി ഭാവനകളെ കോർത്ത് ഉണ്ടാക്കിയ മാലകൾ അണിയുന്ന പ്രകൃതിയേയാണ് ചൂണ്ടിക്കാണിക്കുന്നത്. എല്ലാംക്കൊണ്ടും വളരെ ലളിത മാധുര്യത്തോടുകൂടിയും, വർണ്ണനാപരമായും,ആശയ വ്യക്തതയോടും കൂടി എഴുതിയ കവിതയാണ് 'സൗന്ദര്യലഹരി'. വായനക്കാരിൽ പ്രകൃതി മാധുര്യം തുളുമ്പി നിൽക്കുന്ന ഒരു കവിത കൂടിയാണ് ഇത് എന്നതിൽ സംശയമില്ല!

*********************

# അനാഥമാക്കപ്പെടുന്ന ജന്മങ്ങൾ

കഥ : സുദീപ. കെ

10 ാം തരം

കുറച്ചകലെയായ് ഒരു കൊച്ചു കൂര. പുല്ലുമേഞ്ഞതാണ്; ഹൊ, ഇക്കണ്ട യാത്രയിൽ ആദ്യമായാണ് ഇങ്ങെനെയൊരു വീട്. വികസനം വന്നത് ഇവിടം അറിഞ്ഞില്ലായോ? അയാൾ വളരെ ക്ഷീണിതനാണ്. ദാഹം മുഖത്തെ ഉന്മേഷത്തെ മായ്ച്ചു കളഞ്ഞു. അയാൾ വീടിനെ ലക്ഷ്യമാക്കി നീങ്ങി. ഉമ്മറത്തിണ്ണയിലെ ചാരുകസേരയിൽ ഒരു മധ്യവയസ്കൻ. ഇളം കാറ്റും ചൂളവും ആ മുഖത്തെ അമർഷത്തെ മായ്ച്ച് സ്വപ്നലോകത്തേക്ക് എത്തിച്ചു. ഖുഫ്....ഖുഫ്....അയാൾ ഒന്നു ചുമച്ചു. മധ്യവയസ്കൻ കണ്ണുതുറന്നു. മുന്നിലെ ആൾരൂപം അയാളെ ഞെട്ടിച്ചു. തെല്ലനേരത്തെ ദീർഘനിശ്വാസം കഴിഞ്ഞ് ആ മധ്യവയസ്കൻ ചോദിച്ചു, "താങ്കൾ ആരാണ്?" എന്താണ് ഈ അനാഥന്റെയടുത്ത് കാര്യം? വല്ല കറന്റ് ബില്ലോ മറ്റോ ആണോ? ആണെങ്കിൽ നിങ്ങൾക്ക് തെറ്റി. ഇവിടെ കറന്റ് ഉപയോഗിക്കാറില്ല. ദാ ആ കാണുന്ന റാന്തലും മനസ്സിലെ ധൈര്യവുമാണ് ഇവിടത്തെ വെളിച്ചം. മധ്യവയസ്കന്റെ വാതോരാതെയുള്ള വാക്കുകൾ കേട്ട് അയാൾ സ്തംഭിച്ചുപോയി. അയ്യോ ഞാൻ കറന്റ് ബില്ലിന്റെ ആളൊന്നുമല്ല. ഞാൻ ബെന്നികുര്യാക്കോസ്. ഞാനൊരു യാത്രികനാണ്. ഗ്രാമങ്ങൾ തോറും ചുറ്റിയടിക്കുകയാണ് എന്റെ ഹോബി. ഒരുപാട് ഗ്രാമങ്ങൾ സഞ്ചരിച്ചു ഒട്ടുമിക്കതും നഗരങ്ങളായി തുടങ്ങി. എങ്ങും കോൺക്രീറ്റ് വീട്. എന്നാൽ ആദ്യമായാണ് ഒരു കുടില്. അതും ഇത്രയേറെ ഫാക്ടറികളുള്ള ഈ നാട്ടിൽ. എന്നെ അത് ഒരുപാട് അദ്ഭുതപ്പെടുത്തി. "എന്തുകൊണ്ടാണ് താങ്കൾ ഈ കടിലിൽ"......

യാത്രികന്റെ ചോദ്യം കേട്ട് ചെറുപുഞ്ചിരിയോടെ മധ്യവയസ്കൻ പറഞ്ഞു'അതായത് വന്നി'

"അയ്യോ വന്നിയല്ല ബെന്നിന്നാ എന്റെ പേര്"

"ആ ബെന്നി"

'ബെന്നി ദാ അങ്ങോട്ട് നോക്ക് ആ ഇരുനില കോൺക്രീറ്റ് വീട് കണ്ടോ' അതാ എന്റെ വീട്. വീടല്ല സമ്മാനം പോറ്റിവളർത്തിയ മോൻ വിദേശത്ത് പോയപ്പോൾ ഇത്രയും കാലം വളർത്തിയതിന്റെ ഔദാര്യമായി ഒരു ഇരുനില വീടും, കാറും, ടീ.വീം, ഒക്കെ തന്ന് കടല് കടന്നു. എന്നാൽ സ്നേഹിക്കാൻ മാത്രം.....സ്വന്തം അപ്പച്ചനെ സ്നേഹിക്കാൻ മാത്രം അവൻ മറന്നു.

"അതിനെന്താ? വല്ലപ്പോഴും ഫോൺ ചെയ്തുകൂടെ?"ബെന്നി ചോദിച്ചു.

"ആ ഒരു ഫോൺ അവൻ തന്നായിരുന്നു. തൊട്ടാൽ ഉള്ളിലെന്തൊക്കെയോ പായുന്നതുകാണാം . എനിക്കത് തൊടാൻ തന്നെ പേടിയാ. അങ്ങോട്ട് വിളിക്കാന്ന് വെച്ചാൽ എനിക്കറിയില്ല.

ഇങ്ങോട്ടാണേൽ അവൻ വിളിക്കത്തുമില്ല. മോനറിയോ 10 മാസം ചുമന്നപ്പോൾ ഡോക്ടർ ഒരു കാര്യം പറഞ്ഞു രണ്ടിലൊന്നേ നിലനിൽക്കുന്ന്. ഒന്നുകിൽ അമ്മപോവും അല്ലേൽ കുഞ്ഞ്. അതു കൊണ്ട് സ്വന്തം ജീവൻ കളഞ്ഞ് മറിയാമ ജോർജ്ജുട്ടീനെ പെറ്റിട്ടത്."

- ആ മധ്യവയസ്കന്റെ കണ്ണിൽ നനവുതീർന്നു.

"അയ്യോ കരയല്ലേ അപ്പച്ചാ"-യാത്രികൻ പറഞ്ഞു"

"അപ്പച്ചന്റെ മോനെ ഞാൻ പറഞ്ഞു മനസിലാക്കാം, ഞാൻ തിരിച്ചു കൊണ്ടുവരാം"

ദാരിദ്ര്യം വീട്ടിൽ കുടിയേറി പാർത്തിട്ടും അവനെ അറിയിച്ചില്ല.

ഞാനുണ്ണാതെ അവനെ ഊട്ടി ഞാനുറങ്ങാതെ അവന്റെ ഉറക്കത്തിന് കാവലിരുന്നു.

അത്രയേറെ സ്നേഹിച്ചിട്ടും എന്റെ മോൻ എന്നെ ഇവിടെ തനിച്ചാക്കി പറന്നു.

- മധ്യവയസ്കന്റെ കണ്ണീർ തുള്ളികൾ അടർന്നു വീണു ദീർഘനേരം മൗനമായിരുന്നു.

ആ അപ്പച്ചന്റെ കണ്ണുകൾ ഓർമ്മകളിലൂടെ ഒഴുകുന്നത് ബെന്നി അറിഞ്ഞു. അയാൾ ചുറ്റിലും നോക്കി നേരം ഇരുട്ടിയിരിക്കുന്നു.

അയാൾ പറഞ്ഞു -"അപ്പച്ചാ നേരം സന്ധ്യകവിഞ്ഞു, നക്ഷത്രങ്ങളുദിച്ചു ഞാനിറങ്ങട്ടെ"

"മോനെ കൊണ്ടുവരുമോ എന്റെ മോനെ, കാത്തിരുന്നോട്ടെ ഞാൻ"

ആത്മവിശ്വാസപൂർവ്വം അയാൾ തലകുലുക്കി. ഏതാനും ചുവടുകൾ വച്ച് അയാൾ തിരിഞ്ഞു നോക്കി അപ്പച്ചനിപ്പോൾ സ്വപ്നം കാണുകയാണ്. വിദൂരങ്ങളിലെ ആകാശത്തു തിളങ്ങുന്ന താരകത്തെ നോക്കി അയാൾ കിനാവ് കാണുന്നു. ആകാശത്തെ ചന്ദ്രനും ഒരു പ്രത്യേക ശോഭ. പ്രതീക്ഷയോടെ അയാൾ നോക്കി നിന്നു. വിദൂരങ്ങളിലെ പറവകളുടെ വരവിനായി. ഇപ്പോൾ ആ മനസ് ശാന്തമാണ്. അമർഷങ്ങൾ വിട്ടൊഴിഞ്ഞിരിക്കുന്നു.

പ്രതീക്ഷയുടെ പുതു നാളങ്ങൾ ഉള്ളിൽ ജ്വലനം കൊണ്ടു.

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# ട്രാക്കിലെ തീപ്പൊരി

ജീവചരിത്രക്കുറിപ്പ് : 

ഗൗതം. കെ
9 ാം തരം

കേരളം കണ്ടതിൽ വച്ചും ഭാരതം കണ്ടതിൽ വച്ചും എക്കാലത്തെയും മികച്ച അത്‌ലറ്റാണ് പി ടി ഉഷ എന്ന പിലാവുള്ളിക്കണ്ടി തെക്കേപറമ്പിൽ ഉഷ. 1967-ൽ കോഴിക്കോട്ടെ ചെറു ഗ്രാമത്തിൽ പൈതലിന്റെയും ലക്ഷ്മിയുടെയും മകളായി ജനിച്ചു. ചെറുപ്പം മുതൽക്കേ ഉഷയ്ക്ക് അത്‌ലറ്റിക്സിൽ താൽപര്യമുണ്ടായിരുന്നു. കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിൽ ചേർന്നതോടെ അവളുടെ സ്വപ്നങ്ങൾക്ക് ചിറക് വച്ചു. ഒരു അത്‌ലറ്റ് എന്ന സ്വപ്ന ലോകത്തേക്ക് അവൾ ചിറകടിച്ചുയർന്നു.

13-ാം വയസ്സിൽ 100 മീറ്റർ ഓട്ടത്തിൽ ദേശിയ റെക്കോർഡ് കൊയ്താണ് അവളുടെ രംഗപ്രവേശനം. 1986 ലെ സോൾ ഏഷ്യാഡ് ഉഷയുടേതായിരുന്നു. 22-ാം വയസ്സിൽ 200 മീറ്റർ 400 മീറ്റർ ഹഡിൽസ് 400 മീറ്റർ റിലേ എന്നിവയിൽ സ്വർണ്ണം നേടിയാണ് ഉഷ ലോകവേദിയിൽ  ഭാരതത്തിന്റെ സുവർണ പൊൻകൊടി നാട്ടിയത്. 1984 ലോസ് ആഞ്ചലസ് ഒളിംബിക്സ് ആ മാന്ത്രികകാലുകൾക്കു സ്വപ്നനഷ്ടങ്ങളുടേതായിരുന്നു. ഒരു സെക്കന്റിന്റെ നൂറിലൊന്നിന്റെ വ്യത്യാസത്തിലാണ് 400 മീറ്റർ ഹഡിൽസിൽ ഉഷയ്ക്ക് മെഡൽ നഷ്ടമായത്. വിധിക്കു മുന്നിൽ അവൾ വിതുമ്പി കരയുകയായിരുന്നു അന്ന്. 1984 ൽ പത്മശ്രീ അവാർഡും അർജുനാ അവാർഡും അവളെ തേടി വന്നു. ഇന്നും ഉഷ ട്രാക്കിൽ സജീവമാണ്. ഒരു മത്സരാർത്ഥിയായിട്ടല്ല ഒരു കോച്ചായി. ഭാരതത്തിനു വേണ്ടി നിരവധി നേട്ടങ്ങൾ കൊയ്യിപ്പിക്കുകയാണ് ഇപ്പോൾ. പക്ഷേ അന്നും ഇന്നും എന്നും ആ മാന്ത്രികകാലുകൾക്ക് പകരം വെക്കാൻ അതുമാത്രം.

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# ***SUCCESS***

*poem :*

Athira

9 th std

Success!  The great success;
Which has the capability to lead,
One's life happily
Which appreciates one's mind,
To reach high and high.

Success! The great success;
Which makes us hold our head high,
Towards light ,towards faith,
Towards life and what not.

Success! The great success;
The one which polishes our character,
The one which makes heaps of pride
Above our head.
Which may sometimes leads us to,
Danger! Some great danger!

Success! The great success;
Which may sometime
Makes or marks our career,
Which sometimes leads our mind,
And life to great and great,
Happiness and may
Leads to danger, some great danger.......

# എന്റെ ഗ്രാമം

കവിത :

ജിഷ്ണു. പി

8 ാം തരം

ഗ്രാമമേ നീ എത്ര മനോഹരി
ഉദിച്ചുവരുന്ന സൂര്യനും നിൻ സൗന്ദര്യം
പച്ചയാൻ നിൻ സൗന്ദര്യം തിളങ്ങിട്ടുന്നു
ആരു തന്നു നിനക്കീ മനോഹര സൗന്ദര്യം
എന്റെ മനസിനെ കുളിരു നിറയിക്കുന്നു
എല്ലാ മതക്കാരും വാഴുന്ന സ്വർഗമാണ്
എന്റെ ഗ്രാമം
ഏതുനാട്ടിലും ഏതുദേശത്തു പോയാലും
ഓർക്കുന്നു ഞാൻ എന്റെ ഗ്രാമത്തെ
എൻ ജീവിത ഹൃദയത്തിൻ താളമായി
ഓർമ്മയുടെ താളുകളിൽ
അറിയാതെ ചേർത്തു ഞാൻ എന്റെ ഗ്രാമത്തെ
സുന്ദരിയാം നിൻരൂപം മാത്രം
താങ്ങായി തണലായി സുന്ദര ഗ്രാമം
പച്ചയാം പാടങ്ങൾ നിറഞ്ഞ എൻ ഗ്രാമം
ഓർമ്മയുടെ താരാട്ടുപോലെ എന്നെ എന്നും
തഴുകുന്ന എന്റെ ഗ്രാമം

ഒരു ജന്മം മുഴുവൻ കുളിരോടെ

ഓർക്കാൻ ഓർമ്മകൾ തന്ന എന്റെ ഗ്രാമം

അമ്മയുടെ സ്നേഹവും പകർന്നു നൽകുന്ന

എൻ ഗ്രാമം

☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆☆

# മുട്ട

പണ്ട്
രമണി ടീച്ചർ
മുട്ടയിട്ടത്
എന്റെ സ്ലേറ്റിൽ

ഞാനിട്ട മുട്ട
വീട്ടിലെത്തുംവരെ
മായരുതെന്നൊരു
ശകാരവും

വൈകുന്നേരം
പോകുന്നേരം
ബോർഡിനടിയിലെ
പൊടിചോക്കിനാൽ
മുട്ടയെ ഞാൻ എട്ടാക്കി

വീടെത്തിയപ്പോൾ
അമ്മതന്നു
എട്ടുകിട്ടിയപ്പോൾ
പുഴുങ്ങിയ മുട്ട,
കല്ലുപെൻസിലാൽ
ഒപ്പുമിട്ടു.

എട്ടിനെവീണ്ടും
മുട്ടയാക്കി
ടീച്ചറെകാട്ടി
പിറ്റേന്നു ഞാൻ
കുഞ്ഞുമനസ്സിനെ
നോവിച്ചതിൽ
ക്ഷമിച്ചു ഞാനും
ടീച്ചറെ പറ്റിച്ചതല്ലേ.

*വൈക്കം മുഹമ്മദ് ബഷീർ*


ഒഴുകിയെത്തുമ്പോൾ.......
നന്ദി................
വരച്ചും എഴുതിയും തിരുത്തിയും
സഹായിച്ച
കൂട്ടുകാർക്ക്................
പത്രാധിപസമിതി